04
2026
ജൂലൈ
ശനി
മിഥുനം 20

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 133 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-133 | പേജ് 4. വില 2.00 രൂപ

02 ബംഗളൂരു ഡേ കെയറിലെ ക്രൂരത; രണ്ട് ആയമാർ അറസ്റ്റിൽ

03 ഓപ്പറേഷൻ തൂഫാൻ: രമേശ് ചെന്നിത്തല ഇന്ന് പെരുമ്പാവൂരിൽ

04 11കാരൻ ഓടിച്ച ട്രക്ക് ഇടിച്ചുകയറി; എട്ട് ബുദ്ധ സന്യാസിമാർക്ക് ദാരുണാന്ത്യം

## വിഴിഞ്ഞം ഓഹരി കൈമാറ്റം
# സർക്കാർ നിയമോപദേശം തേടും

: , വിദഗ്ധ പരിശോധനയ്ക്കും ചർച്ചകൾക്കും ശേഷം അന്തിമ തീരുമാനം



തിരുവനന്തപുരം: വിഴിഞ്ഞത്തെ ഓഹരി കൈമാറ്റം, സർക്കാർ നിയമോപദേശം തേടും. വിദഗ്ധ പരിശോധനയ്ക്കും ചർച്ചകൾക്കും ശേഷമായിരിക്കും ഓഹരി കൈമാറ്റകാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നത്.

അദാനി ഗ്രൂപ്പിൻറെ 49 ശതമാനം ഓഹരികൾ വിദേശ കമ്പനിയായ എംഎസ്സി ക്ക് നൽകുന്ന വിഷയത്തിൽ അദാനിക്കെതിരെ കോൺഗ്രസിലെ ഒരു വിഭാഗം മുതിർന്ന നേതാക്കൾ കടുത്ത അതൃപ്തിയിലാണ്. സംസ്ഥാന സർക്കാരിനെ ഇരുട്ടിൽ നിർത്തിക്കൊണ്ട് അദാനി സ്വന്തം നിലയ്ക്ക് തീരുമാനമെടുക്കുന്നുവെന്ന വിമർശനമാണ് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ആരോപിക്കുന്നത്. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ അദാനി സൂപ്പർ പവറായി പെരുമാറുന്നത് പോലെ കേരളത്തിൽ അതിന് അനുവദിക്കില്ലെന്നും കടുത്ത നടപടി വേണമെന്നുമാണ് കെ.സി. വേണുഗോപാൽ ആവശ്യപ്പെട്ടിരിക്കുന്നത്. ദേശീയതലത്തിൽ അദാനിക്കെതിരെയുള്ള നീക്കങ്ങളുമായി മുന്നോട്ടുപോകുകയാണ് കോൺഗ്രസ് ഹൈക്കമാൻഡും രാഹുൽ ഗാന്ധിയും. കേരളത്തിൽ അദാനിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചാൽ അത് ഹൈക്കമാൻഡിൻറെ നിലപാടുകൾക്ക് പ്രസക്തിയില്ലാതാക്കുന്ന അവസ്ഥയിലെത്തിക്കുമെന്ന് ഒരു വിഭാഗം മുതിർന്ന കോൺഗ്രസ് നേതാക്കൾ അഭിപ്രായപ്പെടുന്നുണ്ട്.

വിഴിഞ്ഞത്തെ അദാനിയുടെ ഓഹരികൾ എംഎസ്സി ഗ്രൂപ്പിന് കൈമാറുന്നത് അനുവദിച്ചാൽ ആഭ്യന്തര സുരക്ഷയെയും കേരളത്തിൻറെ താത്പ്പര്യത്തെയും ബാധിക്കുമെന്നും ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾക്ക് അഭിപ്രായമുണ്ട്.

അദാനി ഗ്രൂപ്പിൻറെ ഓഹരി കൈമാറ്റം സർക്കാരിനെ അറിയിച്ചിട്ടില്ലെന്നുള്ള അതൃപ്തി മുഖ്യമന്ത്രി വി.ഡി.സതീശൻ നിയമസഭയിൽ വ്യക്തമാക്കിയിരുന്നു. ഹൈക്കമാൻഡിന് ഉൾപ്പെടെ ഓഹരിക്കൈമാറ്റത്തിൻറെ കാര്യത്തിൽ വിയോജിപ്പ് നിലനിൽക്കുന്നതിനാലാണ് സർക്കാർ നിയമോപദേശം തേടുന്നത്. നിയമപരമായ തീരുമാനവും രാഷ്ട്രീയ തീരുമാനവും ഇക്കാര്യത്തിൽ ആവശ്യമായതിനാൽ അന്തിമ തീരുമാനം വൈകാനാണ് സാധ്യത്.

ഓഹരിക്കൈമാറ്റത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് അദാനി ഗ്രൂപ്പ് നൽകിയ അപേക്ഷ മുഖ്യമന്ത്രി വി.ഡി.സതീശൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ എംപവർ കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. ഈ സമിതിയുടെ റിപ്പോർട്ട് കൂടി സർക്കാർ പരിഗണിക്കും. ധനകാര്യവകുപ്പ് സെക്രട്ടറി, തുറമുഖ വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോസ്ഥർ സമിതിയിലുണ്ട്.

അതേസമയം, അദാനിയുടെ ഓഹരിക്കൈമാറ്റം അനുവദിക്കരുതെന്ന നിലപാടിലാണ് പ്രതിപക്ഷം. സർക്കാർ അദാനിയുമായി ഒത്തുകളിയ്ക്കുന്നുവെന്ന വിമർശനം പ്രതിപക്ഷം ഉയർത്തിയിട്ടുണ്ട്. ഓഹരിക്കൈമാറ്റം സംബന്ധിച്ച് അദാനി ഗ്രൂപ്പ് സെബിയെ നേരത്തെ അറിയിച്ചിരുന്നുവെന്നതിൻറെ വിവരങ്ങൾ പുറത്ത് വന്നിട്ടുണ്ട്.

സംസ്ഥാന സർക്കാരിനെ അറിയിക്കാതെ അദാനി ഗ്രൂപ്പ് നടത്തുന്ന നടപടികൾ അംഗീകരിച്ചാൽ കേരളത്തിൻറെ താത്പര്യങ്ങൾ ബലികഴിക്കപ്പെടുമെന്നാണ് മുതിർന്ന കോൺഗ്രസ് നേതാക്കളുടെ അഭിപ്രായം. ഇക്കാര്യത്തിൽ അന്തിമ തീരുമാനം മുഖ്യമന്ത്രിയായിരിക്കും സ്വീകരിക്കുന്നത്.

## പിഎസ്സി ഒഴിവുകൾ എത്രയും വേഗം റിപ്പോർട്ട് ചെയ്യണം



തിരുവനന്തപുരം : മൂന്ന് ആഴ്ചയ്ക്കുള്ളിൽ ഒഴിവുകൾ പിഎസ്സിക്കു റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവിമാർക്ക് നിർദേശം നൽകി സർക്കാർ. പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ വകുപ്പുകളിൽനിന്നും പിഎസ്സിക്കു റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ കണ്ടെത്തി മൂന്ന് ആഴ്ചയ്ക്കകം അറിയിക്കണമെന്നാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഉത്തരവിൽ പറയുന്നത്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഭരണസെക്രട്ടറിമാർ കർശന നടപടി സ്വീകരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. താൽക്കാലിക നിയമനങ്ങളിൽ വൻ അഴിമതി നടക്കുന്നു എന്ന ആക്ഷേപം ഉയരുന്ന സാഹചര്യത്തിലാണ് സർക്കാർ കടുത്ത നിലപാടിലേക്ക് കടക്കുന്നത്.

ഇതിനു പുറമേ പിഎസ്സി നിയമനങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളിൽ സർക്കാർ കർശന നടപടികളിലേക്ക് കടന്നേക്കും. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും കഴിഞ്ഞ ഒരാഴ്ചയായി കിട്ടുന്ന പരാതികളിൽ ഏറെയും കേരള പബ്ലിക് സർവീസ് കമ്മിഷന് എതിരെയാണ്. മുഖ്യമന്ത്രിയുടെ ഓഫിസിൽ ഈ പരാതികളെല്ലാം പ്രത്യേക കെട്ടാക്കി സൂക്ഷിച്ചിരിക്കുകയാണ്. അന്വേഷണം പ്രഖ്യാപിച്ചാൽ അവർക്ക് ഇവ കൈമാറും. ഇത്തരം പരാതി പിഎസ്സിക്കു തന്നെ കൈമാറുന്ന പഴയ രീതി തുടരേണ്ടതില്ലെന്നാണ് തീരുമാനം. പിഎസ്സിക്കു നേരിട്ടു ലഭിക്കുന്ന പരാതികളിൽ തുടർനടപടികൾ ഉണ്ടാകുന്നില്ലെന്ന ആക്ഷേപവും ഉയരുന്നുണ്ട്. നിലവിൽ പിഎസ്സിയിൽ പരാതിയുമായി എത്തുന്നവരോട് അത് പെട്ടിയിൽ ഇടാനാണു പറയുന്നത്. ഈ പരാതികളിൽ തുടർ നടപടികളുമില്ല. ഇമെയിൽ വഴി പരാതി നൽകിയാൽ മറുപടി പോലും കിട്ടില്ല. 5 വർഷമായി ഇതാണ് സ്ഥിതി.

ഇഓഫിസ് സംവിധാനം വഴി പരാതിയുടെ അവസ്ഥ അറിയാമെന്നു വച്ചാൽ ഉദ്യോഗാർഥികളെ പോർട്ടലിലേക്കു പ്രവേശിപ്പിക്കുന്നുമില്ല. പ്ലാനിങ് ബോർഡ് ചീഫ് നിയമന വിവാദത്തെ തുടർന്ന് ഒട്ടേറെ നിയമനങ്ങളിൽ സംശയം പ്രകടിപ്പിച്ച് ഉദ്യോഗാർഥികൾ പിഎസ്സിയെ സമീപിക്കുന്നുണ്ടെങ്കിലും പരാതി വാങ്ങാൻ തയാറാകുന്നില്ല. തുടർന്ന്, മുഖ്യമന്ത്രിക്കു പരാതി നൽകുകയാണ് ഉദ്യോഗാർഥികൾ. മുൻപ് പരാതി നൽകിയാൽ ഇഓഫിസ് സംവിധാനത്തിലൂടെ ഫയലിന്റെ സ്ഥിതി പരിശോധിക്കാമായിരുന്നു. എന്നാൽ, ഇത്തരം ഡിജിറ്റൽ രേഖ ചിലർ കോടതിയിൽ തെളിവായി നൽകിയതോടെ ഇഓഫിസ് സംവിധാനത്തിലേക്കു പൊതുജനങ്ങൾക്കുള്ള പ്രവേശനം തന്നെ വിലക്കിയിരിക്കുകയാണ്. പിഎസ്സിയുടെ നിർദേശപ്രകാരമാണു സിറ്റിസൻ പോർട്ടലിൽ പൊതുജനങ്ങൾക്കു പ്രവേശിക്കാനുള്ള സൗകര്യം ഒഴിവാക്കിയതെന്ന് ഐടി മിഷൻ കേന്ദ്രങ്ങൾ വ്യക്തമാക്കി.

## വിഴിഞ്ഞം പദ്ധതിയിൽ അന്തർനാടകം നടത്തി കബളിപ്പിക്കുന്നു: മുൻ മന്ത്രി

തിരുവനന്തപുരം: വിഴിഞ്ഞം പദ്ധതിയിൽ സർക്കാരും അദാനിയും അന്തർ നാടകം നടത്തി ജനങ്ങളെ കബളിപ്പിക്കുന്നുവെന്ന് മുൻ തുറമുഖവകുപ്പ് മന്ത്രി വി.എൻ. വാസവൻ. സർക്കാർ അറിയാതെയാണ് അദാനി ഓഹരികൾ വിറ്റതെന്ന വാദം അംഗീകരിക്കാനാകില്ല. വിഴിഞ്ഞത്തെ ഒരു കമ്പനിയുടെ മാത്രം കുത്തകയാക്കാൻ അനുവദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

അദാനിയുടെ ഓഹരികൾ എംഎസ്സി ഗ്രൂപ്പിന് വിൽക്കാനുള്ള നീക്കത്തിന് സർക്കാർ അനുമതി നൽകരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വിഴിഞ്ഞം പദ്ധതിയിൽ 65 ശതമാനം പണം മുടക്കിയത് സർക്കാരാണ്. അദാനി എംഎസ്സി കമ്പനിക്ക് ഓഹരി വിൽക്കുന്നത് സംസ്ഥാനത്തിൻറെ താത്പര്യത്തിന് ഉൾപ്പെടെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും അദ്ദേഹം ആരോപിച്ചു.

മുഖ്യമന്ത്രിയുടെ അറിവോടെയാണ് അദാനി കാര്യങ്ങൾ ചെയ്യുന്നത്. മുഖ്യമന്ത്രി ജനങ്ങളെ കബളിപ്പിക്കുകയാണ്. മുഖ്യമന്ത്രി വി.ഡി. സതീശൻ ചാർട്ടേഡ് വിമാനത്തിൽ മംഗലാപുരത്തേക്ക് പോയത് എന്തിനായിരുന്നു. മൂകാംബികയിലാണോ അദാനിയെ കാണാനാണോ അദ്ദേഹം പോയതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻറെ വിമാനയാത്രയുടെ പണം നൽകിയതാരാണെന്നും വി.എൻ. വാസവൻ ചോദിച്ചു. വിഴിഞ്ഞം പദ്ധതിയെ വിദേശ കമ്പനിയുടെ കുത്തകയാക്കാൻ അനുവദിക്കില്ല. സർക്കാർ ഇതിന് അനുമതി നൽകരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## നീറ്റ് യുജി പുനഃപരീക്ഷയിലും പിഴവ്; ഫിസിക്സ് ചോദ്യപേപ്പറിൽ രണ്ട് തെറ്റുകൾ

ന്യൂഡൽഹി: നീറ്റ് യുജി പുനഃപരീക്ഷയിലും എൻടിഎയ്ക്ക് പിഴവ്. ഫിസിക്സ് ചോദ്യപേപ്പറിൽ രണ്ട് പിഴവുകളാണ് കണ്ടെത്തിയത്.ഒരു ചോദ്യത്തിന് ശരിയുത്തരമില്ല. ഈ ചോദ്യം റദ്ദാക്കി മൂല്യനിർണയം നടത്താനാണ് തീരുമാനം. മറ്റൊരു ചോദ്യത്തിന് രണ്ട് ശരിയുത്തരങ്ങൾ ഉണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഈ രണ്ട് ഉത്തരങ്ങളും മൂല്യനിർണയത്തിൽ പരിഗണിക്കും. ജൂൺ 21ന് നടന്ന നീറ്റ് യുജി പുനഃപരീക്ഷയുടെ ഫലം ജൂലൈ20ഓടെ പ്രസിദ്ധീകരിക്കും.

## അമ്മയിൽ തമ്മിലടി തുടരുന്നു; ശ്വേത മേനോനും മുൻ ഭരണസമിതി അംഗങ്ങളും കോടതിയിലേക്ക്

കൊച്ചി: താരസംഘടനയായ അമ്മയിലെ തർക്കത്തിൽ അഡ്ഹോക് കമ്മിറ്റിയുടെ നിയമസാധുത ചോദ്യം ചെയ്ത് രാജി പ്രഖ്യാപിച്ച അംഗങ്ങൾ കോടതിയിലേക്ക്. രാജി പ്രഖ്യാപിച്ച മുൻ എക്സിക്യൂട്ടീവ് അംഗങ്ങൾ ഓൺലൈൻ യോഗം ചേർന്നു. തങ്ങളുടെ നിരപരാധിത്വം തെളിയിക്കാതെ പടിയിറങ്ങില്ല എന്നാണ് പ്രസിഡന്റ് ശ്വേത മേനോൻറെയും ഒപ്പമുള്ളവരുടെയും നിലപാട്.

അടുത്ത തെരഞ്ഞെടുപ്പ് വരെ സംഘടനയെ നയിക്കാനാണ് അഡ്ഹോക് കമ്മിറ്റി അല്ലെങ്കിൽ സ്പെഷൽ കമ്മിറ്റി വന്നത് എന്നായിരുന്നു വ്യാഴാഴ്ച കമ്മിറ്റിയുടെ കൺവീനർ ആയ രമേഷ് പിഷാരടി പ്രതികരിച്ചത്. എന്നാൽ തെരഞ്ഞെടുപ്പ് വരെ സംഘടനയെ നയിക്കാനുള്ള അധികാരം തങ്ങൾക്ക് തന്നെയാണ് എന്നാണ് ശ്വേതയുടെ വാദം.

അഡ്ഹോക് കമ്മിറ്റിയുടെ യോഗത്തിന് ശേഷം ശ്വേത അടക്കമുള്ളവർ രേഖമൂലം രാജി വച്ചിട്ടില്ലെന്ന് രമേഷ് പിഷാരടി പറഞ്ഞതിന് പിന്നാലെ നിരപരാധിത്വം തെളിയിക്കാതെ പടിയിറങ്ങില്ലെന്ന് ശ്വേത ഫെയ്സ്ബുക്കിലൂടെ വ്യക്തമാക്കിയിരുന്നു. നടൻമാരായ ജയൻ ചേർത്തല, കൈലാഷ്, ജോയ് മാത്യു എന്നിവർ ഔദ്യോഗികമായി രാജി സമർപ്പിച്ചിട്ടുണ്ട്.

ഇതിനിടെ ശ്വേത മേനോന് മുന്നറിയിപ്പുമായി നടി ഉഷ ഹസീന രംഗത്തെത്തിയിട്ടുണ്ട്. സ്ഥാനമൊഴിയാതെ കടിച്ചു തൂങ്ങാനാണ് തീരുമാനമെങ്കിൽ അമ്മയിലെ സ്ത്രീകൾ ഓഫീസിന് മുന്നിൽ സത്യാഗ്രഹ സമരം നടത്തുമെന്നും സംഘടനയുടെ നിലനിൽപ്പാണ് ആവശ്യമെന്നും ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ ഉഷ വ്യക്തമാക്കി.

## അറബിക്കടലിൽ പുതിയ ആഴക്കടൽ മത്സ്യത്തെ കണ്ടെത്തി സിഎംഎഫ്ആർഐ

കൊച്ചി: അറബിക്കടലിൽ നിന്ന് പുതിയ ഇനം ആഴക്കടൽ മത്സ്യത്തെ കണ്ടെത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

ലക്ഷദ്വീപ് കടലിന്റെ കിഴക്കൻ മേഖലയിൽ 350 മുതൽ 500 മീറ്റർ വരെ ആഴമുള്ള ഭാഗത്താണ് ഇവയെ കണ്ടെത്തിയത്. കൊല്ലം ശക്തികുളങ്ങര ഹാർബറിൽ എത്തിയ ആഴക്കടൽ ട്രോളിംഗ് ബോട്ടുകളിൽ നിന്നാണ് ഗവേഷണത്തിനാവശ്യമായ ആറ് മത്സ്യങ്ങളെ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർക്ക് ലഭിച്ചത്.

ഇന്ത്യൻ ഡോറി എന്ന് വിളിക്കുന്ന ഈ മത്സ്യത്തിന് 'സിറ്റോപ്സിസ് ഇൻഡിക്ക' എന്നാണ് ശാസ്ത്രീയ നാമം നൽകിയിരിക്കുന്നത്



പുതുതായി കണ്ടെത്തിയ ആഴക്കടൽ മത്സ്യം


സിഎംഎഫ്ആർഐയിലെ ഡോ ആർ രതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള ഗവേഷക സംഘമാണ് പുതിയ കണ്ടെത്തലിന് പിന്നിൽ.

പരമ്പരാഗത ശാസ്ത്രീയ വർഗ്ഗീകരണ രീതികളിലും അത്യാധുനിക ഡി.എൻ.എ. പരിശോധനയിലുമാണ് ഇത് പുതിയ ഇനം മീനാണെന്ന് ഗവേഷകർ സ്ഥിരീകരിച്ചത്.

ഇതുവരെ ഇന്ത്യൻ മഹാസമുദ്രത്തിൽ കാണപ്പെടുന്ന ഈ മത്സ്യങ്ങൾ അറ്റ്ലാന്റിക് സമുദ്രത്തിൽ കാണപ്പെടുന്ന 'സിറ്റോപ്സിസ് റോസിയ' എന്ന വിഭാഗത്തിൽപ്പെട്ടതാണെന്നാണ് കരുതിയിരുന്നത്.

എന്നാൽ, ജനിതകഘടനയിൽ ഇവയിൽ നിന്ന് വ്യത്യസ്തമാണ് പുതിയ മത്സ്യമെന്ന് കണ്ടെത്തി.

ഇന്ത്യൻ ജേണൽ ഓഫ് ഫിഷറീസ് ജേണലിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരങ്ങളിലെ ആഴക്കടലിൽ ഇനിയും കണ്ടെത്താത്ത വലിയൊരു സമുദ്ര ജൈവവൈവിധ്യം ഒളിഞ്ഞിരിപ്പുണ്ടെന്ന് സൂചന നൽകുന്നതാണ് പുതിയ കണ്ടെത്തൽ.



# അധിനിവേശ വിഷമത്സ്യങ്ങളെക്കൊണ്ട് പൊറുതിമുട്ടി; കടൽ ആവാസവ്യവസ്ഥയ്ക്ക് ഭീഷണി

സൂയസ് കനാൽ വഴിയാണ് ഇവ മെഡിറ്ററേനിയൻ കടലിലേക്ക് കുടിയേറിയത്. 2003ലാണ് ഇവയെ ഗ്രീക്ക് മേഖലയിൽ ആദ്യമായി കണ്ടെത്തുന്നത്.

ഏഥൻസ്: ഈജിയൻ കടലിൽ അതിവേഗം പടരുന്ന സിൽവർ ചീക്ക്ഡ് ടോഡ് ഫിഷ് എന്ന അധിനിവേശ വിഷമത്സ്യങ്ങളെ പിടികൂടുന്ന മത്സ്യത്തൊഴിലാളികൾക്കു പ്രതിഫലം പ്രഖ്യാപിച്ച് ഗ്രീക്ക് സർക്കാർ. കടൽ ആവാസവ്യവസ്ഥയ്ക്ക് വൻ നാശമുണ്ടാക്കുകയും കടിയേറ്റാൽ ഗുരുതര പരിക്കേൽപ്പിക്കുകയും ചെയ്യുന്ന ഇവറ്റകളെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണു പുതിയ പദ്ധതി.

തെക്കൻ ഈജിയൻ കടലിലും ക്രീറ്റ് ദ്വീപിന് ചുറ്റുമുള്ള പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്കാണ് സാമ്പത്തിക സഹായം. പിടികൂടുന്ന മത്സ്യങ്ങൾക്കു കിലോയ്ക്ക് 585 രൂപ നൽകാമെന്നാണ് സർക്കാർ വാഗ്ദാനം. പ്രതികൂല സാഹചര്യത്തോടു പോലും അതിവേഗം പൊരുത്തപ്പെടാൻ കഴിയുന്ന, അതീവ ആക്രമണകാരിയായ ജലജീവിയാണിത്. ഇവയെ ആക്രമിക്കുന്ന ശത്രുക്കളും കുറവാണെന്ന് ഹെലനിക് സെൻറർ ഫോർ മറൈൻ റിസെർച്ചിലെ ഗവേഷകർ പറഞ്ഞു.

തീറ്റയ്ക്കായി മത്സ്യത്തൊഴിലാളികളുടെ വലകൾ കീറിമുറിക്കുകയും അതിലെ മീനുകളെ തിന്നുതീർക്കുകയും ചെയ്യുന്ന വില്ലൻമത്സ്യം നിലവിൽ ഗ്രീക്ക് മാധ്യമങ്ങളിൽ വലിയ ചർച്ചയായിരിക്കുകയാണ്. ഇവയുടെ കൊക്ക് പോലെയുള്ള മൂർച്ചയേറിയ പല്ലുകൾ കൊണ്ടു കടിയേറ്റാൽ ഗുരുതരമായ പരിക്കുപറ്റും. കൂടാതെ അതിവേഗം വംശവർധന നടത്തുന്ന ഇവ പ്രാദേശിക മത്സ്യവിഭവങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇവയുടെ ശരീരത്തിൽ ടെട്രോഡോടോക്സിൻ (ടിടിഎക്സ്) എന്ന അതീവ മാരകമായ വിഷം അടങ്ങിയിരിക്കുന്നതിനാൽ ഇവ ഭക്ഷണയോഗ്യമല്ല. നേരത്തെ, ഈ മീൻ ഭക്ഷിച്ച അഞ്ച് കപ്പൽ ജീവനക്കാർക്കു കടുത്ത വിഷബാധയേറ്റിരുന്നു. നീന്തൽക്കാരെയും ഇവ ഉപദ്രവിക്കും.

ഏകദേശം 40 സെൻറിമീറ്റർ നീളമുള്ള ഈ പഫർഫിഷ്, ഇന്ത്യൻപസഫിക് മഹാസമുദ്രങ്ങളിലാണ് കാണപ്പെടാറുള്ളത്. എന്നാൽ, ഒരു മീറ്ററോളം നീളവും എട്ട് കിലോയോളം തൂക്കവുംവരെ വളരുന്നവയാണ് ഈ കടൽ ഭീകരന്മാർ. സൂയസ് കനാൽ വഴിയാണ് ഇവ മെഡിറ്ററേനിയൻ കടലിലേക്ക് കുടിയേറിയത്. 2003ലാണ് ഇവയെ ഗ്രീക്ക് മേഖലയിൽ ആദ്യമായി കണ്ടെത്തുന്നത്.

ഇവയെ പൂർണമായി തുടച്ചുനീക്കുക അസാധ്യമാണെന്നും എന്നാൽ എണ്ണം നിയന്ത്രിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും ഗ്രീക്ക് മന്ത്രി വ്യക്തമാക്കി. തുർക്കിയിലും സമാനമായ രീതിയിൽ ഇവറ്റകളെ പിടികൂടാൻ ഇനാം പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ വർഷം തുർക്കിയിൽ മൂന്നു ലക്ഷത്തോളം റാബിറ്റ് ഫിഷുകളെയാണ് ഇത്തരത്തിൽ പിടികൂടിയത്. ഇതുവഴി രണ്ടു കോടിയിലേറെ പുതിയ മത്സ്യങ്ങൾ ഉണ്ടാകുന്നതു തടയാൻ സാധിച്ചെന്ന് സമുദ്രഗവേഷകർ അഭിപ്രായപ്പെട്ടു.

# ഔഷധസസ്യ ബോർഡിൽ അന്യത്ര സേവനം

സംസ്ഥാന ഔഷധസസ്യ ബോർഡിൽ ക്ലാർക്ക് തസ്തികയിലേക്ക് അന്യത്ര സേവന (ഡെപ്യൂട്ടേഷൻ) വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് സർക്കാർ/ അർധസർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമ (ഡി.സി.എ.)യും ആണ് യോഗ്യത.

ശമ്പള സ്കെയിൽ 26,500–60,700 ആണ്. ഓഫീസ് മേലധികാരിയുടെ നിരാക്ഷേപപത്രം സഹിതം അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സംസ്ഥാന ഔഷധസസ്യ ബോർഡ്, ഷൊർണ്ണൂർ റോഡ്, തിരുവമ്പാടി പി.ഒ., തൃശ്ശൂർ – 680022 എന്ന വിലാസത്തിൽ ജൂലൈ 31 വൈകിട്ട് 5 നകം ലഭിക്കണം.

# പി.ജി. ദന്തൽ (എം.ഡി.എസ്) കോഴ്സിലേക്കുള്ള പ്രവേശനം 2026 അപേക്ഷകൾ ക്ഷണിച്ചു

കേരളത്തിലെ വിവിധ സർക്കാർ ദന്തൽ കോളേജുകളിലെയും സ്വാശ്രയ ദന്തൽ കോളേജുകളിലെയും 2026 വർഷത്തെ വിവിധ എം.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ചഋഋഠ ങഉട2026 പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. 2026 വർഷത്തെ പി.ജി. ദന്തൽ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന സർവ്വീസ് വിഭാഗം ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് ജൂലൈ 7 രാത്രി 11.59 വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ംംം.രലല.സലൃമഹമ.ഴീ.ശി വഴി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. പ്രവേശനം സംബന്ധിച്ചുള്ള വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവയ്ക്കായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 04712332120, 2338487.

# എം പിമാരുടെ കോൺഫറൻസ് ജൂലൈ 9ന്

പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായുള്ള കേരളത്തിലെ ലോക്സഭ, രാജ്യസഭ അംഗങ്ങളുടെ സമ്മേളനം ജൂലൈ 9 രാവിലെ 11 ന് തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ നടക്കും. സംസ്ഥാനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിൽ ഉന്നയിക്കേണ്ട വിഷയങ്ങളും സമ്മേളനത്തിൽ ചർച്ച ചെയ്യും.

# ന്യൂക്ലിയർ മെഡിസിൻ ടെക്നോളജിസ്റ്റ് നിയമനം

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ ടെക്നോളജിസ്റ്റ് തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ആഗസ്റ്റ് 5 വൈകിട്ട് 3 വരെയാണ് അപേക്ഷകൾ സ്വീകരിക്കും. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും www.rcctvm.gov.in സന്ദർശിക്കുക.

## സ്പോർട്സ് ക്വാട്ട അഡ്മിഷൻ

ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും ആറ്റിങ്ങൽ സർക്കാർ കോളേജിന് ലഭിച്ച റാങ്ക് ലിസ്റ്റ് പ്രകാരം ബിരുദം (എഫ്.വൈ.യു.ജി.പി) സ്പോർട്സ് ക്വാട്ട സീറ്റിലേയ്ക്കുള്ള അഡ്മിഷനായി സ്പോർട്സ് കൗൺസിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ജൂലൈ 2 രാവിലെ 11 നകം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലുമായി അഡ്മിഷന് തയ്യാറായി കോളേജിൽ എത്തിച്ചേരണം.

## പ്രവേശന പരീക്ഷ ജൂലൈ 19ന്

സംസ്ഥാനത്തിലെ 2026–27 അദ്ധ്യായന വർഷത്തെ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി കോഴ്സിലേക്ക് എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ കേരള ഹോട്ടൽ മാനേജ്മന്റ് ആപ്റ്റിട്യൂട് ടെസ്റ്റ് (ഗങഅഠ) ജൂലൈ 19ന് വിവിധ പരീക്ഷ കേന്ദ്രങ്ങളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712324396, 2560327.

## തൊഴിലധിഷ്ഠിത ടൂറിസം കോഴ്സിന് അപേക്ഷിക്കാം

സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)ൽ പി.ജി. ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷിക്കാം. അംഗീകൃത സർവകലാശാലയിൽ നിന്നുമുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത.

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 7. കൂടുതൽ വിവരങ്ങൾക്ക്: 0471 2329468, 2329539, 9809189940.

# ബംഗളൂരു ഡേ കെയറിലെ ക്രൂരത; രണ്ട് ആയമാർ അറസ്റ്റിൽ

ബംഗളൂരു: ബംഗളൂരു ഡേ കെയറിൽ പിഞ്ചുകുഞ്ഞുങ്ങളോട് ക്രൂരത കാട്ടിയ സംഭവത്തിൽ രണ്ട് ആയമാർ അറസ്റ്റിൽ. മറ്റ് മൂന്ന് പേർക്കായി അന്വേഷണം ഊർജിതമാക്കി. അഞ്ചു പേർക്കുമെതിരേ പോലീസ് കേസെടുത്തിരുന്നു.

ബംഗളൂരുവിലെ എച്ച്എഎൽ കാമ്പസിലുള്ള കേപ്ജെമിനി ഐടി കമ്പനിക്കുള്ളിലെ ഡേ കെയറിലെ ആയമാർക്കെതിരെയാണ് കേസെടുത്തത്. ഇവർ പിഞ്ചുകുഞ്ഞുങ്ങളെ ശാരീരികമായി പീഡിപ്പിച്ച സംഭവത്തിലാണ് കേസ്.

രണ്ട് വയസ് മാത്രം പ്രായമുള്ള കുരുന്നുകളെപ്പോലും കരഞ്ഞാൽ ഫ്രണ്ട് ലോഡ് വാഷിംഗ് മെഷീൻറെ ഉള്ളിൽ ഇരുത്തുകയും വാഷ്റൂമിനുള്ളിൽ പൂട്ടിയിടുകയും ചെയ്തു. കുട്ടികൾ കരഞ്ഞപ്പോൾ ടോയ്!ലറ്റിലെ ജെറ്റ് സ്പ്രേ വായിലേക്ക് വെള്ളം ചീറ്റിച്ചു. ക്രൂരതയുടെ ദൃശ്യങ്ങൾ വാട്സാപ്പിലൂടെ പ്രചരിച്ചതോടെയാണ് സംഭവം പുറത്തറിയുന്നത്.

ഐടി കമ്പനിയിലെ ജീവനക്കാർ ജോലിസമയത്ത് തങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ഏൽപ്പിക്കുന്ന ഡേ കെയറിലാണ് നടുക്കുന്ന സംഭവം. കുട്ടികൾ കരയുകയോ ബഹളംവെക്കുകയോ ചെയ്യുമ്പോഴാണ് ജീവനക്കാർ ഇത്തരത്തിൽ ക്രൂരത കാട്ടിയിരുന്നതെന്ന് പോലീസ് അറിയിച്ചു.

വനിതാ ജീവനക്കാരുടെ പേരിൽ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരമുള്ള വകുപ്പുകൾ ചേർത്താണ് പോലീസ് കേസെടുത്തിരിക്കുന്നത്. സംഭവത്തിൽ ബാലവകാശ കമ്മിഷനും സ്വമേധയാ കേസെടുത്തിട്ടുണ്ട്.

# കരിപ്പൂർ പോലീസ് സ്റ്റേഷനിൽ നിന്ന് സ്വർണം കാണാതായ സംഭവം: മുൻ എസ്എച്ച്ഒയ്ക്ക് സസ്പെൻഷൻ

മലപ്പുറം: കരിപ്പൂർ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന 10 ലക്ഷം രൂപ വില വരുന്ന സ്വർണാഭരണങ്ങൾ കാണാതായ സംഭവത്തിൽ സ്റ്റേഷൻ മുൻ ഹൗസ് ഓഫീസർ എം.അബ്ബാസ് അലിയെ സസ്പെൻഡ് ചെയ്തു.

കൊണ്ടോട്ടി എഎസ്പി കാർത്തിക് ബാലകുമാർ മലപ്പുറം പോലീസ് മേധാവിക്ക് ഇതുസംബന്ധിച്ച് നൽകിയ റിപ്പോർട്ടിൽ സംഭവം സ്ഥിരീകരിച്ചിരുന്നു. ഇതിൻറെ അടിസ്ഥാനത്തിലാണ് നടപടി. സംഭവത്തിൽ കൂടുതൽ അന്വേഷണം നടത്താൻ മലപ്പുറം ഡിവൈഎസ്പി കെ.സി. സുഭാഷ് ബാബുവിനെ ചുമതലപ്പെടുത്തി.

കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് കണ്ടെത്തിയതും വിവിധ സ്ഥലങ്ങളിൽ നിന്ന് കളഞ്ഞുകിട്ടി പൊതുജനങ്ങൾ പോലീസിൽ ഏൽപ്പിച്ചതുമായ സ്വർണമാല, ബ്രേസ്ലെറ്റ്, മോതിരം, കമ്മൽ എന്നിവ ഉൾപ്പെടെയുള്ള ആഭരണങ്ങളാണ് പോലീസ് സ്റ്റേഷനിൽ തൊണ്ടിമുതലായി സൂക്ഷിച്ചിരുന്നത്.

2018ന് മുമ്പും ശേഷവും വിവിധ ഘട്ടങ്ങളിലായി ലഭിച്ച ഈ ആഭരണങ്ങൾക്ക് നിലവിൽ പത്ത് ലക്ഷം രൂപയോളം വില വരും. സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം 2026 ഫെബ്രുവരിയിൽ നടത്തിയ പരിശോധനയിലാണ് സ്വർണാഭരണങ്ങൾ സ്റ്റേഷനിലെ കസ്റ്റഡിയിൽ ഇല്ലെന്ന വിവരം കണ്ടെത്തിയത്.

തുടർന്ന് കൊണ്ടോട്ടി എഎസ്പി നടത്തിയ അന്വേഷണത്തിലാണ് സ്റ്റേഷനിൽ നിന്ന് സ്വർണമെടുത്തത് മുൻ എസ്എച്ച്ഒ അബ്ബാസ് അലിയാണെന്ന് കണ്ടെത്തിയത്. സംഭവം വിവാദമായതോടെ ആഭരണങ്ങൾ തിരികെ നൽകി നടപടിയിൽ നിന്ന് ഒഴിവാകാൻ എസ്എച്ച്ഒ നീക്കം നടത്തി. സ്വർണം അബദ്ധത്തിൽ തൻറെ കൈവശം വന്നതും പിന്നീട് തിരികെ നൽകാൻ മറന്നുപോയതുമാണെന്നുമാണ് അബ്ബാസ് അലി വിശദീകരിച്ചത്. അതേസമയം അബ്ബാസ് അലി നേരത്തെ അച്ചടക്ക നടപടിക്ക് വിധേയനായിട്ടുണ്ട്. സ്റ്റേഷനിലെ തൊണ്ടിമുതൽ സൂക്ഷിപ്പുമായി ബന്ധപ്പെട്ട ഗുരുതര വീഴ്ചയുടെ പശ്ചാത്തലത്തിൽ സ്വർണം എങ്ങനെ സ്റ്റേഷനിൽ നിന്ന് പുറത്തുപോയി, സംഭവത്തിൽ മറ്റാർക്കെങ്കിലും പങ്കുണ്ടോയെന്നത് അടക്കം ഡിവൈഎസ്പി കെ.സി. സുഭാഷ് ബാബു അന്വേഷിക്കും.

# ഷാപ്പിലെ ഭക്ഷണം കഴിച്ച ശേഷം യുവാവ് മരിച്ച സംഭവം: ഭക്ഷ്യ സാമ്പിളുകളിൽ അസ്വാഭാവികത ഇല്ലെന്ന് റിപ്പോർട്ട്

കോട്ടയം: അയ്മനം പരിപ്പിലെ തൊള്ളായിരം ഷാപ്പിൽ നിന്നും ഭക്ഷണവും കള്ളും കഴിച്ചതിന് പിന്നാലെ യുവാവ് മരിച്ച സംഭവത്തിൽ ഷാപ്പിൽ നിന്ന് ശേഖരിച്ച ഭക്ഷ്യ സാമ്പിളുകളുടെ ലാബ് പരിശോധനയിൽ അസ്വാഭാവികത കണ്ടെത്താനായില്ലെന്ന് ജില്ലാ ഭക്ഷ്യവകുപ്പ്.

കഴിഞ്ഞ 20നാണ് കുമരകം പള്ളിക്കൂടംപറമ്പിൽ ജ്യോതിഷിന് (41) ഷാപ്പിൽ നിന്ന് വാങ്ങിയ കള്ളും തലക്കറിയും കഴിച്ചതിന് പിന്നാലെ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടത്. തുടർന്ന് ചികിത്സയിലിരിക്കെ ജ്യോതിഷ് മരിച്ചു.

ജ്യോതിഷിനൊപ്പം ഭക്ഷണം കഴിച്ച മറ്റ് നാലുപേരും ചികിത്സ തേടിയിരുന്നു. സംഭവത്തെ തുടർന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് ഷാപ്പിൽ നിന്ന് വിവിധ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരത്തെ ലാബിലേക്ക് പരിശോധനയ്ക്കായി അയച്ചിരുന്നു. പരിശോധനയ്ക്ക് അയച്ച സാമ്പിളുകളിൽ കൂടുത ലും പൊടി ഉത്പന്നങ്ങളായിരുന്നുവെന്നും ഭക്ഷണപദാർഥങ്ങളുടെ സാമ്പിളുകൾ ലഭ്യമായിരുന്നില്ലെ ന്നും അധികൃതർ അറിയിച്ചു.

അതേസമയം, മരണകാരണം ഭക്ഷ്യവിഷബാധയാണോയെന്ന് സ്ഥിരീകരിക്കാൻ ആവശ്യമായ ആന്തരികാവയവങ്ങളുടെ രാസപരിശോധനാ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. ആ റിപ്പോർട്ട് ലഭിച്ച ശേഷമേ മരണകാരണത്തിൽ വ്യക്തത വരികയുള്ളൂ.

കഴിഞ്ഞ 20 നാണ് ഷാപ്പിൽ നിന്നു ഭക്ഷണം കഴിച്ച ആളുകൾ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടത്. എന്നാൽ, പരിശോധനയ്ക്കായി ഭക്ഷ്യ സുരക്ഷാവകുപ്പ് ഉദ്യോഗസ്ഥർ എത്തിയത് 22നാണ്.

# രണ്ടടിച്ച് സ്വിസ് പട; മറുപടിയില്ലാതെ അൾജീരിയ

വാൻകൂവർ: ഫിഫ ലോകകപ്പിൽ അൾജീരിയയെ തകർത്ത് സ്വിറ്റ്സർലൻഡ്. കാനഡയിലെ വാൻകൂവറിലുള്ള ബിസി പ്ലേസ് സ്റ്റേഡിയത്തിൽ മറുപടിയില്ലാത്ത രണ്ടു ഗോളിനാണ് സ്വിസ് ജയം. 10ാം മിനിറ്റിൽ ബ്രീൽ എംബോളോയും 46ാം മിനിറ്റിൽ ഡാൻ എൻഡോയെയുമാണ് ഗോളുകൾ നേടിയത്.

തകർപ്പൻ പോരാട്ടം ദൃശ്യമായ മത്സരത്തിൻറെ തുടക്കത്തിൽ അൾജീരിയയ്ക്ക് മികച്ചൊരു അവസരം ലഭിച്ചെങ്കിലും ഹുസെം ഔവർ അത് പാഴാക്കി. പത്താം മിനിറ്റിൽ തന്നെ സ്വിറ്റ്സർലൻഡ് തിരിച്ചടിച്ചു. ജോഹാൻ മൻസാംബിയിൽ നിന്നു ലഭിച്ച പാസ് ബ്രീൽ എംബോളോ അനായാസം വലയിലാക്കി.

രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ സ്വിറ്റ്സർലൻഡ് ലീഡ് ഉയർത്തി. 46ാം മിനിറ്റിൽ അൾജീരിയൻ പ്രതിരോധത്തിലെ പിഴവ് മുതലെടുത്ത് ഡാൻ എൻഡോയെ തൊടുത്ത തകർപ്പൻ ഷോട്ട് വലയിലേക്ക്. പിന്നാലെ ഗോൾ മടക്കാൻ അൾജീരിയ കിണഞ്ഞു പരിശ്രമിച്ചെങ്കിലും ലക്ഷ്യം കണ്ടില്ല. രണ്ടു ഗോളിൻറെ ബലത്തിൽ സ്വിസ് പട മുന്നോട്ട്.

അൾജീരിയൻ പട ലോകകപ്പിനു പുറത്തേക്കും.

ജൂലൈ ഏഴിനു നടക്കുന്ന അടുത്ത റൗണ്ട് മത്സരത്തിൽ കൊളംബിയ ഘാന മത്സര വിജയികളെ സ്വിറ്റ്സർലൻഡ് നേരിടും.

# കണ്ടെയ്നർ വട്ടംവച്ച് വല്ലാർപാടം ടെർമിനൽ ഗേറ്റ് ഉപരോധിച്ചു; ഡ്രൈവർ അറസ്റ്റിൽ

കൊച്ചി: വല്ലാർപാടം ഡിപി വേൾഡ് കണ്ടെയ്നർ ടെർമിനൽ ഗേറ്റിൽ കണ്ടെയ്നർ ലോറിയുമായി ഉപരോധിച്ച ഡ്രൈവറെ മുളവുകാട് പോലീസ് അറസ്റ്റ് ചെയ്തു. തൃശൂർ പട്ടിത്തടം നുണ്ണംപുള്ളി വീട്ടിൽ ഷാജഹാനെ (41) ആണ് അറസ്റ്റ് ചെയ്തത്.

വ്യാഴാഴ്ച രാത്രി ഒമ്പതരയോടെയാണ് സംഭവം. കണ്ടെയ്നറുമായി ടെർമിനലിലേക്ക് പ്രവേശിക്കാൻ എത്തിയപ്പോൾ വണ്ടിയുടെ ട്വിസ്റ്റ് ലോക്ക് തകരാറിലായതിനാൽ വാഹനം അകത്തോട്ട് പ്രവേശിക്കുന്നത് സെക്യൂരിറ്റിക്കാർ തടഞ്ഞു. ഇതോടെ വാക്കുതർക്കത്തിൽ ഏർപ്പെട്ട ഡ്രൈവർ കണ്ടെയ്നർ വട്ടംവച്ച് മറ്റു വാഹനങ്ങൾക്ക് കയറാൻ പറ്റാത്ത വിധം ഗേറ്റ് ഉപരോധിക്കുകയായിരുന്നു. തുടർന്ന് ഡിപി വേൾഡ് അധികൃതർ പോലീസിൽ അറിയിക്കുകയായിരുന്നു.

# തെരുവുനായ പ്രശ്നം; ദയാവധം ഉൾപ്പെടെയുള്ളവ നടപ്പാക്കുമെന്ന് മന്ത്രി കെ.എം. ഷാജി

ന്യൂഡൽഹി: സംസ്ഥാനത്തെ തെരുവുനായ പ്രശ്നത്തിന് സുപ്രീംകോടതിയുടെ നിർദേശങ്ങളനുസരിച്ച് ദയാവധം ഉൾപ്പെടെയുള്ളവ നടപ്പാക്കുമെന്ന് മന്ത്രി കെ.എം. ഷാജി. ഇത്തരം തെരുവുനായകളെ മനസിലാക്കാൻ നിർമിത ബുദ്ധിയുടെ സഹായം തേടുമെന്നും മന്ത്രി അറിയിച്ചു.

കേരള പത്രപ്രവർത്തക യൂണിയൻ സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മാലിന്യസംസ്കരണത്തിനായി മാലിന്യ സംസ്കരണ അതോറിറ്റി രൂപവത്കരിക്കും. ദുർബലവിഭാഗങ്ങൾക്ക് കിട്ടുന്ന ഫണ്ടുകൾ പരിശോധിക്കുന്നതിന് മൂന്നുകേന്ദ്രങ്ങൾ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു.

മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും സ്വയം പണം സമ്പാദിക്കാനാവുന്ന വിധം മുനിസിപ്പൽ ബോണ്ട് ഉൾപ്പെടെ നടപ്പാക്കുന്നത് പരിശോധിക്കും. പഞ്ചായത്തുകളെ നഗര പഞ്ചായത്തുകളായി വർഗീകരിക്കുന്നതും പരിഗണനയിലാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

# രണ്ടടിച്ച് സ്വിസ് പട; മറുപടിയില്ലാതെ അൾജീരിയ

വാൻകൂവർ: ഫിഫ ലോകകപ്പിൽ അൾജീരിയയെ തകർത്ത് സ്വിറ്റ്സർലൻഡ്. കാനഡയിലെ വാൻകൂവറിലുള്ള ബിസി പ്ലേസ് സ്റ്റേഡിയത്തിൽ മറുപടിയില്ലാത്ത രണ്ടു ഗോളിനാണ് സ്വിസ് ജയം. 10ാം മിനിറ്റിൽ ബ്രീൽ എംബോളോയും 46ാം മിനിറ്റിൽ ഡാൻ എൻഡോയെയുമാണ് ഗോളുകൾ നേടിയത്.

തകർപ്പൻ പോരാട്ടം ദൃശ്യമായ മത്സരത്തിൻറെ തുടക്കത്തിൽ അൾജീരിയയ്ക്ക് മികച്ചൊരു അവസരം ലഭിച്ചെങ്കിലും ഹുസെം ഔവർ അത് പാഴാക്കി. പത്താം മിനിറ്റിൽ തന്നെ സ്വിറ്റ്സർലൻഡ് തിരിച്ചടിച്ചു. ജോഹാൻ മൻസാംബിയിൽ നിന്നു ലഭിച്ച പാസ് ബ്രീൽ എംബോളോ അനായാസം വലയിലാക്കി.

രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ സ്വിറ്റ്സർലൻഡ് ലീഡ് ഉയർത്തി. 46ാം മിനിറ്റിൽ അൾജീരിയൻ പ്രതിരോധത്തിലെ പിഴവ് മുതലെടുത്ത് ഡാൻ എൻഡോയെ തൊടുത്ത തകർപ്പൻ ഷോട്ട് വലയിലേക്ക്. പിന്നാലെ ഗോൾ മടക്കാൻ അൾജീരിയ കിണഞ്ഞു പരിശ്രമിച്ചെങ്കിലും ലക്ഷ്യം കണ്ടില്ല. രണ്ടു ഗോളിൻറെ ബലത്തിൽ സ്വിസ് പട മുന്നോട്ട്. അൾജീരിയൻ പട ലോകകപ്പിനു പുറത്തേക്കും.

ജൂലൈ ഏഴിനു നടക്കുന്ന അടുത്ത റൗണ്ട് മത്സരത്തിൽ കൊളംബിയ ഘാന മത്സര വിജയികളെ സ്വിറ്റ്സർലൻഡ് നേരിടും.

# ഓപ്പറേഷൻ തൂഫാനിടെ പോലീസിന് നേരെ ആക്രമണം; മുഖ്യപ്രതി സൈനികൻ

പാലക്കാട്: ഓപ്പറേഷൻ തൂഫാൻ പരിശോധനക്കിടെ പോലീസിനെ ആക്രമിച്ച സംഭവത്തിൽ മുഖ്യപ്രതിയായ യുവാവ് സൈനികൻ. ഇയാൾ അവധിക്ക് നാട്ടിലെത്തിയതാണെന്നാണ് വിവരം.

ഹേമാംബിക പോലീസ് സ്റ്റേഷനിലെ മൂന്ന് ഉദ്യോഗസ്ഥർക്ക് നേരെയാണ് ആക്രമണമുണ്ടായത്. എസ്.ഐമാരായ സുദർശന, ജോൺ സേവ്യർ, സിവിൽ പോലീസ് ഓഫീസർ രജനീഷ് എന്നിവർക്കാണ് മർദ്ദനമേറ്റത്. ഇവരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

വെള്ളിയാഴ്ച വൈകിട്ട് 6.30ഓടെ മലമ്പുഴ പയ്യക്കുന്ന് ഭാഗത്തായിരുന്നു സംഭവം. ഒലവക്കോട് റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും മലമ്പുഴ ഭാഗങ്ങളിലും ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി പോലീസ് വാഹന പരിശോധന നടത്തുകയായിരുന്നു.

ഇതിനിടെ അമിതവേഗതയിൽ വന്ന കാർ പോലീസ് തടഞ്ഞു. വാഹനം വിശദമായി പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടതോടെ കാറിലുണ്ടായിരുന്നവർ പോലീസിനോട് തട്ടിക്കയറി. പ്രകോപനമൊന്നുമില്ലാതെ സംഘം ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ ഉദ്യോഗസ്ഥ ഉൾപ്പെടെയുള്ളവരെ പരസ്യമായി അസഭ്യം പറയുകയും കൈയേറ്റം ചെയ്യുകയുമായിരുന്നു.

പിന്നീട് കൂടുതൽ പോലീസെത്തിയാണ് കാറിലുണ്ടായിരുന്ന നാല് പേരെ കസ്റ്റഡിയിലെടുത്തത്. ഇവരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. പോലീസിൻറെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിനും വനിതാ ഉദ്യോഗസ്ഥയെ ഉൾപ്പെടെ ആക്രമിച്ചതിനും ഇവർക്കെതിരേ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്.

# ഡിവൈഎഫ്ഐ നേതാവ് ജീവനൊടുക്കിയ നിലയിൽ

കോഴിക്കോട്: വടകരയിൽ ഡിവൈഎഫ്ഐ നേതാവിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഡിവൈഎഫ്ഐ വടകര നോർത്ത് മേഖല സെക്രട്ടറി വി.എം.സുമേഷ്(37) ആണ് മരിച്ചത്.

സുമേഷിൻറെ ഉടമസ്ഥതയിലുള്ള അലൂമിനിയം ഫാബ്രിക്കേഷൻ സ്ഥാപനത്തിലാണ് മൃതദേഹം കണ്ടെത്തിയത്. രാത്രി വൈകിയും വീട്ടിലെത്താതിരുന്നതിനെ തുടർന്ന് സുഹൃത്തുക്കൾ കടയിലെത്തി പരിശോധിച്ചപ്പോഴാണ് മരണവിവരം പുറത്തറിയുന്നത്. മൃതദേഹം ജില്ലാ ആശുപത്രിയിലേക്ക് മാറ്റി. ജീവിതത്തിലെ വിഷമസന്ധികൾക്ക് ആത്മഹത്യയല്ല പരിഹാരം. സമ്മർദ്ദങ്ങൾ അതിജീവിക്കാൻ സാധിച്ചേക്കില്ലെന്ന ആശങ്കയുണ്ടാകുമ്പോൾ മാനസികാരോഗ്യ വിദഗ്ധരുടെ സഹായം തേടുക, അതിജീവിക്കാൻ ശ്രമിക്കുക. ടോൾ ഫ്രീ നമ്പർ: 1056

## മുംബൈയിൽ വീടിൻെറ ഭിത്തിതകർന്നു വീണു മലയാളി മരിച്ചു

മുംബൈ:കനത്തമഴയെ തുടർന്ന് പാൽഘറിൽ വീടിൻറെ ഭിത്തി തകർന്നുവീണു മലയാളി മരിച്ചു. അയ്യപ്പക്ഷേത്രത്തിന് സമീപം അഗ്രിപാഡ ചാളിൽ താമസിക്കുന്ന കോഴിക്കോട് ചങ്ങരോത്ത് കടിയങ്ങാട് തോട്ടത്തിൽ ഷബീർ സഈദിൻെറ ഭാര്യ റാബിയ (47) ആണ് മരിച്ചത്. സംസ്കാരം പനയങ്ങാട് ജുമ മസ്ജിദ് കബർസ്ഥാനിൽ നടത്തും.മക്കൾ:അൽഫിയ, ഇർഫാൻ.

# കുടകിൽ കണ്ണൂർ സ്വദേശി കുഴഞ്ഞുവീണ് മരിച്ചു

കണ്ണൂർ: കർണാടകയിലെ കുടക് വീരാജ്പേട്ടയിലുള്ള സ്വന്തം സ്ഥാപനത്തിൽവച്ച് മലയാളി കുഴഞ്ഞുവീണു മരിച്ചു. കണ്ണൂർ ഇരിക്കൂർ വയക്കാട് സ്വദേശിയായ പള്ളിപ്പാത്ത് അബ്ദുറഹ്മാൻ (48) ആണ് മരിച്ചത്.

വീരാജ്പേട്ട നാപ്പോക്കിലെ പലചരക്ക് കടയിലാണ് സംഭവം. പതിവുപോലെ രാവിലെ കടയിലെത്തിയ ഇദ്ദേഹം ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിന് പിന്നാലെ കടയ്ക്കുള്ളിൽ തന്നെ കുഴഞ്ഞുവീണ് മരിക്കുകയായിരുന്നു. ഹൃദയാഘാതമാണ് മരണകാരണമെന്നാണ് പ്രാഥമിക നിഗമനം. മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വീരാജ്പേട്ടയിലെ മലയാളി കൂട്ടായ്മകളുടെ സഹകരണത്തോടെ പുരോഗമിക്കുകയാണ്.




കേരളത്തിലെ ഐടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനി സംഘടിപ്പിച്ച പ്രതിധ്വനി വേൾഡ് കപ്പ് ഫാൻസ് ടൂർണമെന്റിൽ ജേതാക്കളായ ബ്രസീൽ ഫാൻസ് ടീം.

# അമേരിക്കയിൽ വ്യാജ ചികിത്സയുടെ മറവിൽ 49കാരി തട്ടിയത് 2,800 കോടി! അമൂല്യരത്നങ്ങളും എട്ടോളം ആഡംബര കാറുകളും പോലീസ് പിടിച്ചെടുത്തു

ഹെൽത്ത് കെയർ തട്ടിപ്പ് അന്വേഷണത്തിൻറെ ഭാഗമായാണ് വനിതാ മെഡിക്കൽ ഡയറക്ടറെ പിടികൂടിയത്. രാജ്യവ്യാപകമായി നടത്തിയ വൻ പരിശോധനയിൽ 455ലേറെ പേർക്കെതിരേ കുറ്റം ചുമത്തിയിട്ടുണ്ട്. ഇവരെല്ലാവരുംകൂടി തട്ടിയത് 54,000 കോടി!

വാഷിംഗ്ടൺ ഡിസി: ചികിത്സ തേടിയെത്തുന്ന രോഗികളെ വെറും പണയപ്പണ്ടങ്ങളാക്കി, മെഡിക്കൽ ഇൻഷുറൻസ് പദ്ധതികളിൽനിന്ന് കോടികൾ തട്ടിയെടുക്കുന്ന മാഫിയകൾ ഇന്നു ലോകമെമ്പാടും വ്യാപകമാണ്. സ്വകാര്യ ആശുപത്രികളാണ് ഇത്തരം തട്ടിപ്പുകളുടെ കേന്ദ്രം. നമ്മുടെ നാട്ടിലും ഇത്തരം തട്ടിപ്പുകൾ ധാരാളം നടക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

അമേരിക്കയിലെ നെവാദയിൽനിന്നു പുറത്തുവരുന്നത് ഇത്തരമൊരു വൻകിട തട്ടിപ്പിൻറെ ഞെട്ടിക്കുന്ന വിവരങ്ങളാണ്. മുറിവുകൾക്കു ചികിത്സിക്കുന്ന പ്രത്യേക ക്ലിനിക്കുകളുടെ (ണീൗിറ ഇമൃല ഇഹശിശരെ) മറവിൽ 49കാരിയായ മെഡിക്കൽ ഡയറക്ടർ തട്ടിയെടുത്തത് നിസാരതുകയല്ല, ഏകദേശം 2,800 കോടിയിലേറെ രൂപ! ഇവരിൽനിന്ന് അഞ്ചു കോടിയിലേറെ രൂപ വിലമതിക്കുന്ന ഫെരാരി 296 ജിടിഎസ് ഉൾപ്പെടെ എട്ടോളം കാറുകൾ. ഏകദേശം 7.2 കോടി രൂപ വിലമതിക്കുന്ന പ്രശസ്തമായ ബൾഗാരി നെക്ലേസ് ഉൾപ്പെടെയുള്ള അമൂല്യ രത്നാഭരണങ്ങൾ. 290 കോടിയിലധികം രൂപ മൂല്യം വരുന്ന വസ്തുവകകൾ, കൂടാതെ നാലു കോടി രൂപയുടെ കറൻസികൾ തുടങ്ങിയവ പോലീസ് പിടിച്ചെടുത്തിട്ടുണ്ട്.

പ്രമുഖ യുഎസ് മാധ്യമമായ വാൾ സ്ട്രീറ്റ് ജേണൽ റിപ്പോർട്ട് ചെയ്തതനുസരിച്ച്, കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ആസൂത്രിതമായി നടത്തിവന്ന സാമ്പത്തിക തട്ടിപ്പാണ് ഇപ്പോൾ പ്രത്യേക അന്വേഷണസംഘം വെളിച്ചത്തുകൊണ്ടുവന്നിരിക്കുന്നത്. യുഎസിലെ വിവിധ സംസ്ഥാനങ്ങളിലായി നാലോളം മുറിവ് പരിചരണ ക്ലിനിക്കുകൾ നടത്തുന്ന സ്ത്രീ, പ്രധാനമായും ലക്ഷ്യമിട്ടത് പ്രായമായ ഇൻഷുറൻസ് പോളിസി ഉടമകളെയായിരുന്നു.അത്ര ഗുരുതരമല്ലാത്ത മുറിവുകളുള്ള പ്രായമായവരെ കണ്ടെത്തി, അവർക്ക് അനാവശ്യവും ചെലവേറിയതുമായ ചികിത്സകൾ നിർദേശിക്കുകയായിരുന്നു ഇവരുടെ രീതി. മനുഷ്യദാതാക്കളിൽനിന്ന് ശേഖരിക്കുന്ന കോശങ്ങൾ (ഔാമിറീീ്യ ശേൌെല) ഉപയോഗിച്ചുള്ള വൂണ്ട് ഗ്രാഫ്റ്റ് (ണീൗിറ ഏൃമളേ) പോലുള്ള അത്യന്തം സങ്കീർണവും ചെലവേറിയതുമായ ചികിത്സകളാണ് രോഗികളിൽ അടിച്ചേൽപ്പിച്ചത്. ഇതിനായി രോഗികളുടെ മെഡിക്കൽ രേഖകൾ തിരുത്തുകയും വ്യാജ രേഖകൾ ചമയ്ക്കുകയും ചെയ്തു. ചികിത്സകൾ ഫലപ്രദമല്ലാത്ത മുറിവുകളാണെന്ന് വരുത്തിതീർക്കാൻ രേഖകളിൽ കൃത്രിമം കാണിച്ചതായും അന്വേഷണസംഘം കണ്ടെത്തിയിട്ടുണ്ട്.

രോഗികളെ തൻറെ ക്ലിനിക്കുകളിലേക്ക് ശിപാർശ ചെയ്യുന്നതിനായി വൻ തുക!യുടെ കൈക്കൂലി ഇടപാടുകൾ ഇവർ നടത്തിയതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, മരുന്നുകൾ, വൂണ്ട് ഗ്രാഫ്റ്റുകൾ തുടങ്ങിയ ഇടപാടുമായി ബന്ധപ്പെട്ട് വിതരണക്കാരിൽനിന്ന് കമ്മീഷൻ കൈപ്പറ്റിതായും പോലീസ് കണ്ടെത്തി. ആകെ 8,500 കോടിയിലേറെ രൂപയുടെ വ്യാജ ക്ലെയിമുകളാണ് ഇവർ സമർപ്പിച്ചത്. ഇതിൽ 2,800 കോടിയിലേറെ രൂപ ഇൻഷുറൻസ് കമ്പനികൾ ഇവർക്ക് അനുവദിച്ചു നൽകുകയും ചെയ്തു. സർക്കാർ ഫണ്ടുകളായ മെഡികെയർ, സൈനികർക്കായുള്ള ട്രൈകെയർ എന്നീ പദ്ധതികളിൽനിന്നാണ് ഇവർ കോടികൾ വെട്ടിച്ചത്.യുഎസിലെ വൻകിട ഹെൽത്ത് കെയർ തട്ടിപ്പ് അന്വേഷണത്തിൻറെ ഭാഗമായാണ് മെഡിക്കൽ ഡയറക്ടറെ പിടികൂടിയത്. രാജ്യവ്യാപകമായി നടത്തിയ വൻ പരിശോധനയിൽ 455ലേറെ പേർക്കെതിരേ കുറ്റം ചുമത്തിയിട്ടുണ്ട്. ഇവരെല്ലാവരുംകൂടി 54,000 കോടി രൂപ തട്ടിയെടുത്തതായാണ് കണ്ടെത്തൽ.

# ലോകകപ്പ് ആവേശം നിറച്ച് ടെക്നോപാർക്കിൽ പ്രതിധ്വനിയുടെ ഫുട്ബോൾ ടൂർണമെൻറ്

തിരുവനന്തപുരം: ലോകമെമ്പാടും ഫുട്ബോൾ ആവേശം അലയടിക്കുന്ന പശ്ചാത്തലത്തിൽ കേരളത്തിലെ ഐടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനിയുടെ ആഭിമുഖ്യത്തിൽ ടെക്കികൾക്കായി ഫ്ളഡ് ലൈറ്റ് ഫുട്ബോൾ ടൂർണമെൻറ് സംഘടിപ്പിച്ചു.

ഡെക്കാത്തലോണുമായി സഹകരിച്ച് ടെക്നോപാർക്കിൽ സംഘടിപ്പിച്ച പ്രതിധ്വനി വേൾഡ് കപ്പ് ഫാൻസ് ടൂർണമെൻറിൽ ബ്രസീൽ, അർജൻറീന, പോർച്ചുഗൽ, റെസ്റ്റ് ഓഫ് ദി വേൾഡ് തുടങ്ങിയ ടെക്കികൾ രൂപീകരിച്ച ഫാൻസ് ടീമുകളാണ് മത്സരിച്ചത്.

ആദ്യ സെമിഫൈനലിൽ പോർച്ചുഗൽ ഫാൻസ് ടീം അർജൻറീന ഫാൻസ് ടീമിനെ പരാജയപ്പെടുത്തി. രണ്ടാം സെമിഫൈനലിൽ റെസ്റ്റ് ഓഫ് ദി വേൾഡ് ടീമിനെ പരാജയപ്പെടുത്തി ബ്രസീൽ ടീം ഫൈനലിലെത്തി. പോർച്ചുഗൽ ഫാൻസ് ടീമിനെ പരാജയപ്പെടുത്തി ഫൈനലിൽ ബ്രസീൽ ഫാൻസ് ടീം കിരീടം സ്വന്തമാക്കി.

പരിപാടിയുടെ ഭാഗമായി വനിതാ ടെക്കികൾക്കായി സംഘടിപ്പിച്ച ഷൂട്ട്-ഒട്ട് മത്സരത്തിൽ നിഖില ജേതാവായി. വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു.

ടെക്നോപാർക്ക് ഫേസ് വണ്ണിലെ തേജസ്വിനി ബിൽഡിംഗിൽ നിന്നും ടെക്നോപാർക്ക് ഗ്രൗണ്ടിലേക്ക് ലോകകപ്പിൻറെ ആവേശമുണർത്തുന്ന വർണാഭമായ റാലിയും ഇതിന് മുന്നോടിയായി സംഘടിപ്പിച്ചിരുന്നു. തങ്ങളുടെ ഇഷ്ട ടീമുകളുടെ ജഴ്സിയണിഞ്ഞ് നിരവധി ടെക്കികൾ റാലിയിൽ പങ്കെടുത്തു.

കായിക മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിനും ലോകകപ്പിൻറെ ആവേശം ടെക് സമൂഹവുമായി പങ്കിടുന്നതിനുമായാണ് പ്രതിധ്വനി ടൂർണമെൻറ് സംഘടിപ്പിച്ചത്.

# 2025 ലെ മികച്ച സഹകരണ സംഘങ്ങൾക്കുള്ള സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചു

സംസ്ഥാനത്തെ മികച്ച പ്രവർത്തനം കാഴ്ചവച്ച സഹകരണ സ്ഥാപനങ്ങൾക്കുള്ള 2025ലെ സംസ്ഥാന അവാർഡുകൾ സഹകരണ വകുപ്പ് മന്ത്രി എം. ലിജു പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് നടന്ന വാർത്താസമ്മേളനത്തിലാണ് വിവിധ വിഭാഗങ്ങളിലെ വിജയികളെ മന്ത്രി പ്രഖ്യാപിച്ചത്.

സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന സഹകരണ സ്ഥാപനങ്ങളെ ആദരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ശുപാർശകൾ ക്ഷണിച്ചിരുന്നു. അർബൻ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം, എംപ്ലോയീസ് സഹകരണ സംഘം, വനിതാ സഹകരണ സംഘം, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം, ആശുപത്രി സഹകരണ സംഘം, പലവക സഹകരണ സംഘം, വിദ്യാഭ്യാസ സഹകരണ സംഘം, മാർക്കറ്റിംഗ് സഹകരണ സംഘം എന്നീ പത്ത് വിഭാഗങ്ങളിലായി ലഭിച്ച അപേക്ഷകളിൽ നിന്നാണ് സംസ്ഥാനതല അവാർഡ് നിർണയ സമിതി വിജയികളെ തെരഞ്ഞെടുത്തത്.

അർബൻ സഹകരണ ബാങ്ക് വിഭാഗത്തിൽ പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് (മലപ്പുറം) ഒന്നാം സ്ഥാനവും കൊല്ലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് രണ്ടാം സ്ഥാനവും പീപ്പിൾസ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് (എറണാകുളം) മൂന്നാം സ്ഥാനവും നേടി.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വിഭാഗത്തിൽ കാസർഗോഡ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഒന്നാം സ്ഥാനവും കൊയിലാണ്ടി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് രണ്ടാം സ്ഥാനവും ചങ്ങനാശ്ശേരി താലൂക്ക് പി.സി.എ.ആർ.ഡി.ബി മൂന്നാം സ്ഥാനവും നേടി.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം വിഭാഗത്തിൽ നന്മണ്ട കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് (കോഴിക്കോട്), ഏറാമല എസ്.സി.ബി (കോഴിക്കോട്), മാറാഞ്ചേരി എസ്.സി.ബി (മലപ്പുറം) എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

എംപ്ലോയീസ് സഹകരണ സംഘം വിഭാഗത്തിൽ തൃശ്ശൂർ ജില്ലാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മല്ലപ്പള്ളി കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (പത്തനംതിട്ട), എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് സഹകരണ സംഘം (കോട്ടയം) എന്നിവയാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ.

വനിതാ സഹകരണ സംഘം വിഭാഗത്തിൽ ചെണ്ടയാട് വനിത സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒന്നാം സ്ഥാനവും പോരൂർ വനിത ക്രെഡിറ്റ് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (മലപ്പുറം) രണ്ടാം സ്ഥാനവും വെസ്റ്റ് എളേരി വനിത സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാസർഗോഡ്) മൂന്നാം സ്ഥാനവും നേടി.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം വിഭാഗത്തിൽ എളങ്കുന്നപ്പുഴ പട്ടികജാതി/പട്ടികവർഗ്ഗ സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (എറണാകുളം), വള്ളിച്ചിറ പട്ടികജാതി സഹകരണ സംഘം (തിരുവനന്തപുരം), തിരുനെല്ലി ഗിരിജൻ സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (വയനാട്) എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

ആശുപത്രി സഹകരണ സംഘം വിഭാഗത്തിൽ പി.എം.എസ്.എ. മെമ്മോറിയൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രി സംഘം ഒന്നാം സ്ഥാനവും കൊച്ചിൻ സഹകരണ ആശുപത്രി സംഘം (എറണാകുളം) രണ്ടാം സ്ഥാനവും കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം മൂന്നാം സ്ഥാനവും നേടി.

പലവക സഹകരണ സംഘം വിഭാഗത്തിൽ മുളിയാർ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം (കാസർഗോഡ്), മാനന്തവാടി സഹകരണ അർബൻ സംഘം (വയനാട്), പെരിന്തൽമണ്ണ താലൂക്ക് എംപ്ലോയീസ് ആൻഡ് പെൻഷനേഴ്സ് വെൽഫെയർ സഹകരണ സംഘം (മലപ്പുറം) എന്നിവ ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

വിദ്യാഭ്യാസ സഹകരണ സംഘം വിഭാഗത്തിൽ തളിപ്പറമ്പ എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കണ്ണൂർ), കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ പാരാമെഡിക്കൽ ആൻഡ് ടെക്നോളജി, കണ്ണൂർ, തിരൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സൊസൈറ്റി (മലപ്പുറം) എന്നിവയാണ് വിജയികൾ.

മാർക്കറ്റിംഗ് സഹകരണ സംഘം വിഭാഗത്തിൽ കൊട്ടാരക്കര താലൂക്ക് ക്യാഷ്ഗ്രോവേഴ്സ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം (കൊല്ലം), നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി (കോഴിക്കോട്), റീജിയണൽ ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ പ്രൊഡ്യൂസേഴ്സ് സഹകരണ മാർക്കറ്റിംഗ് സംഘം, കണ്ണൂർ എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

2024-25ലെ റോബർട്ട് ഓവൻ അവാർഡിന് പെരുവമ്പ എസ്.സി.ബി (പാലക്കാട്)യിലെ കെ.എ. ചന്ദ്രനെ തിരഞ്ഞെടുത്തു. ഹോസ്ദുർഗ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ കെ.വി. നാരായണന് സ്പെഷ്യൽ ജൂറി അവാർഡും ലഭിച്ചു. കോ-ഓപ്പ് ഡേ പുരസ്കാരം 2026 ഒറ്റൂർ എസ് സി ബി തിരുവനന്തപുരത്തിന് ലഭിച്ചു. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ജൂലൈ 4 ന് നടക്കുന്ന അന്താരാഷ്ട്ര സഹകരണ ദിനാഘോഷ ചടങ്ങിൽ അവാർഡുകൾ വിതരണം നടക്കുമെന്നും മന്ത്രി പറഞ്ഞു. സഹകരണ സംഘം രജിസ്ട്രാർ പ്രേം കൃഷ്ണൻ എസ് സംബന്ധിച്ചു.

# തമിഴ്നാട്ടിൽ 2320 ബാറുകൾക്ക് പൂട്ടിട്ട് വിജയ് സർക്കാർ

ചെന്നൈ: ലൈസൻസ് കാലാവധി ജൂൺ 30ഓടെ അവസാനിച്ച ബാറുകൾ അടച്ചുപൂട്ടാൻ ഉത്തരവിറക്കി തമിഴ്നാട് സർക്കാർ. ടാസ്മാക് മദ്യവിൽപ്പനശാലകളോട് ചേർന്ന് പ്രവർത്തിക്കുന്ന ബാറുകളാണ് അടച്ചുപൂട്ടിയിരിക്കുന്നത്. തമിഴ്നാട്ടിൽ ഏകദേശം 2320 ബാറുകളെയാണ് തീരുമാനം നേരിട്ട് ബാധിച്ചിരിക്കുന്നത്.

പുതിയ ടെൻഡറുകൾ ക്ഷണിച്ചായിരിക്കും ഇനി ബാറുകൾക്ക് ലൈസൻസ് നൽകുക. കഴിഞ്ഞ ദിവസം മദ്യനിരോധന എക്സൈസ് വകുപ്പ് മന്ത്രി കെ. വിഘ്നേഷിൻറെ സാന്നിധ്യത്തിൽ ചേർന്ന ബോർഡ് യോഗത്തിലാണ് ഇതുസംബന്ധിച്ച് തീരുമാനമുണ്ടായത്. പുതിയ ടെൻഡർ അനുമതിയാകുന്നതു വരെ നിലവിലെ ബാറുകൾ താൽക്കാലികമായി അടയ്ക്കുന്നതിനാൽ സർക്കാരിന് പ്രതിമാസം 400 കോടി രൂപയുടെ വരെ വരുമാന നഷ്ടം ഉണ്ടായേക്കാമെന്നാണ് ടാസ്മാക് വൃത്തങ്ങൾ നൽകുന്ന സൂചന.വരാനിരിക്കുന്ന പുതിയ ടെൻഡർ വ്യവസ്ഥകളിൽ വലിയ രീതിയിലുള്ള മാറ്റങ്ങൾ കൊണ്ടുവരാനും തമിഴ്നാട് സർക്കാർ പദ്ധതിയിടുന്നുണ്ട്. 2024 ജനുവരിയിലാണ് നിലവിലെ ബാർ നടത്തിപ്പുകാർക്ക് ലൈസൻസ് അനുവദിച്ചിരുന്നത്. 2026 ജനുവരിയിൽ ഈ ലൈസൻസ് കാലാവധി അവസാനിക്കേണ്ടതായിരുന്നു. പക്ഷേ തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പ് കണക്കിലെടുത്ത് സർക്കാർ ഇത് 2026 ജൂൺ വരെ നീട്ടിനൽകുകയായിരുന്നു. ഈ നീട്ടിനൽകിയ കാലാവധിയാണ് ഇപ്പോൾ അവസാനിച്ചിരിക്കുന്നത്.നിലവിൽ സംസ്ഥാനത്തുടനീളം 4048 ചില്ലറ മദ്യവിൽപന ശാലകളാണ് ടാസ്മാകിന് കീഴിൽ പ്രവർത്തിക്കുന്നത്. പ്രതിദിനം ശരാശരി 150 കോടി രൂപയുടെ മദ്യവിൽപ്പനയാണ് ഇവിടെ നടക്കുന്നത്. തമിഴ്നാട് സർക്കാരിൻറെ ഖജനാവിലേക്ക് വൻതോതിൽ പണമെത്തിക്കുന്ന പ്രധാന വരുമാന മാർഗമാണിത്. സത്യപ്രതിജ്ഞയ്ക്ക് പിന്നാലെ മുഖ്യമന്ത്രി വിജയ് 717 ടാസ്മാക് മദ്യശാലകൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടിരുന്നു. ആരാധനാലയങ്ങൾ, സ്കൂളുകൾ, ബസ് സ്റ്റാൻഡുകൾ എന്നിവയുടെ 500 മീറ്റർ പരിധിയിലുള്ള മദ്യശാലകളാണ് അടച്ചുപൂട്ടിയത്. തമിഴ്നാട്ടിൽ നേരത്തെയുള്ള നിയമ പ്രകാരം സ്കൂളുകൾക്കും ആരാധനാലയങ്ങൾക്കും 50 മീറ്റർ പരിധിയിൽ മദ്യഷോപ്പുകൾ പാടില്ല. എന്നാൽ ദൂരപരിധി 500 മീറ്റർ ആയി ഉയർത്തിയിരിക്കുകയാണ് വിജയ്.

# ഓപ്പറേഷൻ തൂഫാൻ: രമേശ് ചെന്നിത്തല ഇന്ന് പെരുമ്പാവൂരിൽ

കൊച്ചി: സംസ്ഥാന സർക്കാരിൻറെ ലഹരി വിരുദ്ധ കാമ്പയിനായ 'ഓപ്പറേഷൻ തൂഫാൻ: ദ നാർക്കോ ഹണ്ട്' പ്രവർത്തനങ്ങളുടെ ഭാഗമായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഇന്ന് പെരുമ്പാവൂരിൽ എത്തും. നാട്ടുകാരും വിദ്യാർഥികളും പങ്കെടുക്കുന്ന ജനസഭയ്ക്ക് ശേഷം ഭായി കോളനിയിലെത്തി അന്യസംസ്ഥാന തൊഴിലാളികളുമായി മന്ത്രി നേരിട്ട് സംസാരിക്കും.

ഓപ്പറേഷൻ തൂഫാൻ ഒരു മാസം പിന്നിടുമ്പോൾ ലഹരിക്കെതിരെ ഉണർന്ന് പെരുമ്പാവൂർ എന്ന പ്രഖ്യാപനവുമായി തൂഫാൻ ജാഗരൺ ജനകീയ പ്രതിരോധത്തിന് തുടക്കമിടും. ഉച്ചയ്ക്ക് രണ്ടിന് പെരുമ്പാവൂർ ബോയ്സ് ഹൈസ്കൂളിൽ നിന്ന് ലഹരിവിരുദ്ധ ബഹുജന റാലി ആരംഭിക്കും. തൂഫാൻ പതാക ഉയർത്തി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലും.തുടർന്ന് വ്യവസായികളും സർവകക്ഷികളുമായി സംവദിക്കും. പിന്നാലെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ നേരിട്ടെത്തി സംസാരിക്കും. ബെന്നി ബഹനാൻ എംപി, മനോജ് മൂത്തേടൻ എംഎൽഎ, വി.പി. സജീന്ദ്രൻ എംഎൽഎ, മുനിസിപ്പൽ ചെയർപേഴ്സൺ കെ.എൻ. സംഗീത തുടങ്ങിയവരും പോലീസ് ഉദ്യോഗസ്ഥരും സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരും പരിപാടികളിൽ പങ്കെടുക്കും.അതേസമയം, 'മിനി ഇന്ത്യയെ ലഹരിമുക്തമാക്കാനുള്ള ഈ വലിയ മുന്നേറ്റത്തിൽ സാധിക്കുന്നവരെല്ലാം പങ്കെടുക്കണ'മെന്ന് ആഹ്വാനം ചെയ്തു കൊണ്ടുള്ള ഫേസ്ബുക്ക് പോസ്റ്റും രമേശ് ചെന്നിത്തല പങ്കുവച്ചിട്ടുണ്ട്.

# പുസ്തകങ്ങൾ ഡിസ്കൗണ്ടിൽ

കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച സാമൂഹശാസ്ത്ര ചിന്തകർ, അടിസ്ഥാന ചലച്ചിത്ര സിദ്ധാന്തങ്ങൾ, ഹസ്തലിഖിത വിജ്ഞാനീയം, ഇലക്ട്രോണിക്സ് മാധ്യമ വിജ്ഞാനകോശം, സാമൂഹികക്ഷേമവും വികസനവും, താരതമ്യസാഹിത്യ വിജ്ഞാനകോശം, ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യം, കേരളത്തിന്റെ പാരിസ്ഥിതികചരിത്ര വിജ്ഞാനകോശം, സമുദ്ര ജൈവവൈവിധ്യവും സമ്പദ് വ്യവസ്ഥയും, വിവർത്തനപഠനം,

കാലാവസ്ഥാവ്യതിയാനം, ചലച്ചിത്ര നിർമ്മാണവും സാങ്കേതികതയും, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ എന്നീ ലഘുവിജ്ഞാനകോശങ്ങളും സൂക്ഷ്മജീവികൾ, ബഹിരാകാശയാത്ര, കാലഘട്ടത്തെ അതിജീവിച്ച ചലച്ചിത്രങ്ങൾ, മാലിന്യനിർമ്മാർജനവും മാതൃകകളും, റോബോട്ടിക്സ്, ഉഭയജീവികൾ, സമുദ്ര വിജ്ഞാനീയം എന്നിങ്ങനെ ഏഴ് ബാലവിജ്ഞാനകോശങ്ങളും മുഖവിലയിൽ നിന്നും 25 ശതമാനം പ്രത്യേക ഡിസ്കൗണ്ടിൽ ലഭിക്കും.

തിരുവനന്തപുരം ഡി.പി.ഐ ജംഗ്ഷനിൽ സഹകരണഭവൻ 10-ാം നിലയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിൽ നേരിൽ വന്നോ keralasiepsales@gmail.com ലോ 0471 2323303 ലോ ബന്ധപ്പെട്ട് വിശദവിവരങ്ങൾ അന്വേഷിക്കാം.

# സംശയത്തിൻറെ പേരിലുള്ള ഡിഎൻഎ പരിശോധനയും പീഡനം: മദ്രാസ് കോടതി

ചെന്നൈ: കുട്ടിയുടെ പിതൃത്വം സംശയിച്ച് ഭാര്യയോട് ഡിഎൻഎ പരിശോധന ആവശ്യപ്പെടുന്നതു മാനസിക പീഡനമാണെന്ന് മദ്രാസ് ഹൈക്കോടതി നിരീക്ഷിച്ചു.

ചെന്നൈ സ്വദേശികളുടെ വിവാഹം റദ്ദാക്കിയ കുടുംബക്കോടതി വിധി ശരിവച്ചാണ് ഹൈക്കോടതി നിരീക്ഷണം. സ്ത്രീധനമായി ലഭിച്ച സ്വത്തും ആഭരണങ്ങളും നാലാഴ്ചയ്ക്കകം മടക്കി നൽകാനും കോടതി ഭർത്താവിനു നിർദേശം നൽകി.

വിവാഹമോചനം അനുവദിച്ച കുടുംബക്കോടതി വിധിക്കെതിരെ ഭർത്താവും സ്ത്രീധനമായി ലഭിച്ച സ്വത്തുവകകൾ തിരികെ നൽകാൻ ഉത്തരവിടാത്ത കുടുംബക്കോടതി നടപടിക്കെതിരെ ഭാര്യയും നൽകിയ ഹർജികൾ സംയുക്തമായി പരിഗണിച്ചാണ് ഹൈക്കോടതി വിധി.

# ക്ലീനർ, വാച്ചർ കം മൾട്ടിപർപ്പസ് വർക്കർ വാക്ക്-ഇൻ ഇന്റർവ്യൂ

സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ക്ലീനർ, വാച്ചർ കം മൾട്ടിപർപ്പസ് വർക്കർ തസ്തികകളുടെ ഓരോ ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിനായി ജൂലൈ 7-ന് വാക്ക്-ഇൻ ഇന്റർവ്യൂ നടത്തും. തിരുവനന്തപുരം സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ കോൺഫറൻസ് ഹാളിൽ രാവിലെ 11 മുതൽ 12 വരെയാണ് ഇന്റർവ്യൂ. നിശ്ചിത സമയത്തിന് ശേഷം എത്തുന്നവരെ പരിഗണിക്കില്ല. ഏഴാം ക്ലാസ് വിജയമാണ് അടിസ്ഥാന യോഗ്യത. 21 മുതൽ 40 വയസ് വരെയുള്ളവർക്ക് അപേക്ഷിക്കാം. സർക്കാർ അനുവദിച്ചിട്ടുള്ള പ്രായപരിധി ഇളവ് അർഹരായ ഉദ്യോഗാർഥികൾക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരം ലഭിക്കും. പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണനയുണ്ട്. അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2463746.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മിന്നൽ പ്രളയവും മണ്ണിടിച്ചിലും; ഉത്തരേന്ത്യയിൽ വെള്ളപ്പൊക്കം, നാല് മരണം

ന്യൂഡൽഹി: ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കം. ഹിമാചൽ പ്രദേശിലും ഉത്താഖണ്ഡിലും മിന്നൽ പ്രളയവും മണ്ണിടിച്ചിലും. ഹിമാചലിൽ പ്രളയക്കെടുതിയിൽ നാലു പേർ മരിച്ചു. വരുംദിവസങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഡൽഹിയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു.

മണ്ണിടിച്ചിലിനെത്തുടർന്ന് ഛത്തീസ്ഗഢ് മണാലി ദേശീയപാതകൾ അടച്ചു. ഈ മേഖലകളിൽ വിനോദ സഞ്ചാരത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ഉത്താഖണ്ഡിൽ നദികളിലെ ജലനിരപ്പ് ഉയർന്നതോടെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി.

ജമ്മുകാശ്മീരിലുണ്ടായ മേഘവിസ്ഫോടനത്തിൽ റോഡുകളും പാലങ്ങളും ഒലിച്ചുപോയി. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ മഴ കൂടുതൽ ശക്തമാകുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

പ്രളയക്കെടുതി തുടരുന്ന വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ അസമിലെയും അരുണാചൽപ്രദേശിലെയും സ്ഥിതി കേന്ദ്രം വിലയിരുത്തി. പൂർണ പിന്തുണയും അടിയന്തര സഹായവും ഇരുസംസ്ഥാനങ്ങൾക്കും കേന്ദ്രം ഉറപ്പു നൽകി.

# ഉഷ്ണതരംഗത്തിൽ വലഞ്ഞ് യൂറോപ്പ്; മരണം 2,000 കവിഞ്ഞു



പാരിസ് : ഉഷ്ണതരംഗം മൂലം കടുത്തചൂടിൽ ഉരുകി യൂറോപ്യൻരാജ്യങ്ങൾ. അത്യുഷ്ണം മൂലം വിവിധരാജ്യങ്ങളിൽ മരണം 2,000 കവിഞ്ഞു. വരുംദിവസങ്ങളിൽ താപനില ഇനിയും ഉയരുമെന്ന കാലാവസ്ഥാ മുന്നറിയിപ്പ് ലഭിച്ചതോടെ യൂറോപ്പിൽ പ്രതിരോധനടപടികളും മുൻകരുതലുകളും ശക്തമാക്കി.

ഫ്രാൻസിന്റെ തെക്കൻ മേഖലയിൽ ഓഡ്, ഇറോ പ്രവിശ്യകളിൽ 2200 ഏക്കറിൽ കാട്ടുതീ പടർന്നു. ആയിരങ്ങളെ ഒഴിപ്പിച്ചു. തൊട്ടടുത്ത ചൊവ്വാഴ്ച പടർന്ന മാർസേയിൽ കാട്ടുതീ അണച്ചതിനു പിന്നാലെയാണിത്. ഗ്രീസിൽ കാട്ടുതീയിൽ 2 പേർ മരിച്ചു. വിവിധ രാജ്യങ്ങളിൽ ജലക്ഷാമം രൂക്ഷമായിട്ടുണ്ട്. കനത്തചൂടിൽ പാളങ്ങൾ വിണ്ടതോടെ ട്രെയിൻ ഗതാഗതം ചിലയിടങ്ങളിൽ മുടങ്ങി. വൈദ്യുതി മുടക്കം സാധാരണ ജനജീവിതം ദുസ്സഹമാക്കി. ഇന്നലെ ഹംഗറി, സ്ലോവേക്യ തുടങ്ങിയ രാജ്യങ്ങളിൽ 41 ഡിഗ്രിക്കു മുകളിൽ താപനിലയായി.

ഒരാഴ്ചയ്ക്കിടെ 40 ഡിഗ്രി സെൽഷ്യസിനു മുകളിൽ താപനില ഉയർന്ന നെതർലൻഡ്സിൽ ചൂടുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ മൂലം 480 പേർ മരിച്ചതായി ഡച്ച് ആരോഗ്യവകുപ്പ് അറിയിച്ചു. ഇവരിലേറെയും 80 വയസ്സിനു മുകളിലുള്ളവരാണ്. ഫ്രാൻസിലും സ്പെയിനിലും 1000 പേർ വീതം മരിച്ചെന്നാണ് കണക്ക്. ശുചീകരണത്തൊഴിലാളികളടക്കം പുറംജോലിയെടുക്കുന്ന നഗരസഭാ ജീവനക്കാർക്ക് താപനില മുന്നറിയിപ്പു നൽകുന്ന ബ്രേസ്‌ലറ്റുകൾ ബാർസിലോന അധികൃതർ വിതരണം തുടങ്ങി. കഴിഞ്ഞയാഴ്ച സ്പെയിനിൽ ശുചീകരണത്തൊഴിലാളി കുഴഞ്ഞുവീണു മരിച്ച സാഹചര്യത്തിലാണിത്. അതിനിടെ, ഉഷ്ണതരംഗത്തിനെതിരായ പ്രതിരോധ നടപടികളിൽ സർക്കാർ പരാജയപ്പെട്ടെന്നാരോപിച്ചു ഫ്രാൻസിൽ പ്രതിപക്ഷമായ ഗ്രീൻ പാർട്ടി പ്രധാനമന്ത്രി സെബാസ്റ്റ്യൻ ലുകോനുവിനെതിരെ അവിശ്വാസപ്രമേയത്തിന് നോട്ടിസ് നൽകി.

# ക്വാറിയിൽ അപകടം: ഏഴു തൊഴിലാളികൾക്കു ദാരുണാന്ത്യം

ബംഗളൂരു: ക്വാറിയുടെ മുകളിൽനിന്നു കരിങ്കല്ല് ഇളകി വീണ് തൊഴിലാളികളായ ഏഴു പേർക്ക് ദാരുണാന്ത്യം. പത്തുപേർക്കു പരിക്കേറ്റു. കരിങ്കല്ല് കൊണ്ടുപോകാൻ ക്വാറിയിൽ എത്തിച്ച വാഹനങ്ങൾ പൂർണമായും തകർന്നു. ബംഗളൂരു സൗത്ത് താലൂക്കിലെ മഡപട്ടണയിൽ ഇന്നലെ വെളുപ്പിനായിരുന്നു അപകടം. മരിച്ചവരിൽ അഞ്ചു പേർ മധ്യപ്രദേശ് സ്വദേശികളാണ്. ഓരോ ഛത്തീസ്ഗഢ്, കർണാടക സ്വദേശികളും മരിച്ചു. അപകടത്തിൽ മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ ദുഃഖം രേഖപ്പെടുത്തി. ക്വാറികളിലെ തൊഴിലാളികളുടെ സുരക്ഷ പ്രധാനമാണ്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരേ അടിയന്തര നടപടിയുണ്ടാവുമെന്ന് ശിവകുമാർ പറഞ്ഞു.

# ഒമാനിൽ ഫ്ലാറ്റിൽ നിന്നു വീണ് നാലു വയസുകാരി മരിച്ചു

വടക്കാഞ്ചേരി: ഒമാനിൽ ഫ്ലാറ്റിനുമുകളിൽ നിന്നു വീണ് നാലുവയസുകാരി മരിച്ചു. തളിപിലാക്കോട് സ്വദേശി ശങ്കരത്ത് പ്രതീപ് ദിവ്യ ദമ്പതികളുടെ മകൾ ദക്ഷ ആണ് മരിച്ചത്.

കഴിഞ്ഞദിവസം ഇവർ താമസിച്ചിരുന്ന ഫ്ലാറ്റിൻറെ മൂന്നാം നിലയിൽ കളിച്ചു കൊണ്ടിരിക്കുന്നതിനിടെ കുട്ടി താഴെ വീഴുകയായിരുന്നു.

പിതാവ് ജോലി ചെയ്യുന്ന ഒമാനിൽ സന്ദർശന വിസയിൽ അമ്മയോടൊപ്പം രണ്ടാഴ്ചമുന്നേയാണ് ഒമാനിലേക്ക് പോയത്. വരവൂർ എൽപി സ്കൂളിലെ എൽകെജി വിദ്യാർഥിയാണ്.

# ആയത്തുള്ള അലി ഖമനെയിയുടെ സംസ്കാര ചടങ്ങിൽ മുജ്തബ ഖമനെയി പങ്കെടുത്തേക്കില്ല

ടെഹ്റാൻ: സുരക്ഷാ ഭീഷണി കണക്കിലെടുത്ത് പിതാവിൻറെ സംസ്കാര ചടങ്ങിൽനിന്ന് മുജ്തബ ഖമനെയി വിട്ടുനിൽക്കുമെന്ന് റിപ്പോർട്ട്. ഇറാൻറെ മുൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനെയിയുടെ സംസ്കാര ചടങ്ങിൽനിന്ന് മകനും നിലവിലെ പരമോന്നത നേതാവുമായ മുജ്തബ ഖമനെയി പങ്കെടുത്തേക്കില്ല. ഇറാൻറെ പരമോന്നത നേതാവിൻറെ ഇന്ത്യയിലെ പ്രതിനിധിയായ ആയത്തുള്ള ഹക്കിം ഇലാഹി ഇക്കാര്യം വാർത്താ ഏജൻസിയോട് സ്ഥിരീകരിച്ചു. ഇസ്രായേലിൻറെ ഭീഷണികളും നിരീക്ഷണ ആശങ്കകളും കാരണം പരസ്യമായി പങ്കെടുക്കുന്നത് അപകടകരമായതിനാലാണ് ഈ തീരുമാനമെടുത്തതെന്ന് ഇലാഹി പറഞ്ഞു.

ഈ വർഷം ഫെബ്രുവരി 28ന് യുഎസും ഇസ്രയേലും സംയുക്തമായി ഇറാന് നേരെ നടത്തിയ ആക്രമണത്തിലാണ് 36 വർഷക്കാലം പരമോന്നത നേതൃപദവിയിൽ തുടർന്ന ആയത്തുള്ള അലി ഖമനെയി കൊല്ലപ്പെട്ടത്. ആക്രമണത്തിൽ മുജ്തബ ഖമനെയിയുടെ ഭാര്യ സഹ്റ ഹദ്ദാദ് അദെലും കൊല്ലപ്പെട്ടിരുന്നു. എന്നാൽ ഭാര്യയുടെ സംസ്കാര ചടങ്ങിലും മുജ്തബ ഖമനെയി പങ്കെടുത്തിരുന്നില്ല.

# അയോധ്യ കൊള്ള

## പ്രതികൾ സംഭാവന കടത്തുന്നതിൻെറ സിസിടിവി ദൃശ്യങ്ങൾ പോലീസിന്

ന്യൂഡൽഹി: അയോധ്യ കൊള്ളയിൽ പ്രതികൾ സംഭാവന കടത്തുന്നതിൻറെ സിസിടിവി ദൃശ്യങ്ങൾ പോലീസിന് ലഭിച്ചു. അഞ്ച് പ്രതികളുടെ ദൃശ്യങ്ങൾ സിസിടിവിയിലുണ്ട്. കാണിക്ക എണ്ണുന്നതിന് ട്രസ്റ്റ് നിയോഗിച്ചത് 50 പേരെയാണെന്നും എസ്ബിഐയാണ് റിക്രൂട്ട് ചെയ്യേണ്ടവരുടെ പട്ടിക നൽകിയതെന്നും സ്വകാര്യ ഏജൻസി വ്യക്തമാക്കി. 45 ദിവസത്തെ സിസിടിവി ദൃശ്യങ്ങളാണ് കൈയിലുള്ളൂവെന്നതാണ് തിരിച്ചടി.

അയോധ്യ ക്ഷേത്രക്കൊള്ള സിബിഐക്ക് വിടുന്നതും ഉത്തർപ്രദേശ് സർക്കാരിൻറെ പരിഗണനയിലിരിക്കെയാണ് പുതിയ വീഡിയോ ലഭിച്ചത്.

സുപ്രീംകോടതി മേൽനോട്ടത്തിൽ അന്വേഷണം ആവശ്യപ്പെട്ട് കോൺഗ്രസ് പ്രധാനമന്ത്രിക്ക് കത്ത് നൽകി. ട്രസ്റ്റ് മുൻ ജനറൽ സെക്രട്ടറി ചമ്പത് റായിക്കെതിരെ കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് അയോധ്യ ബാർ അസോസിയേഷൻ പോലീസിൽ പരാതി നൽകി. ചമ്പത് റായിയാണ് പണം തട്ടിയതെന്നും തൻറെ സഹോദരനെ ബലിയാടാക്കുകയായിരുന്നെന്നും കേസിലെ മുഖ്യ പ്രതി ടിന്നു യാദവിൻറെ സഹോദരൻ ആരോപിച്ചു.

# മാനേജ്മെന്റ് സീറ്റുകളിലേക്ക് ബി. ടെക് പ്രവേശനം

സംസ്ഥാന ഗതാഗത വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എൻജിനീയറിങ്ങിൽ 2026-27 അധ്യയന വർഷത്തിൽ ബി.ടെക് പ്രവേശനത്തിന് കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ മക്കൾക്കായി സംവരണം ചെയ്തിട്ടുള്ള മാനേജ്മെന്റ് സീറ്റുകളിലേക്ക് കേരള സർക്കാരിന്റെ പ്രവേശന പരീക്ഷയിൽ റാങ്ക് ലഭിച്ചവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷ www.sctce.ac.in വഴി ഓൺലൈനായി നൽകണം. വിശദവിവരങ്ങൾക്ക്:

ഫോൺ: 0471 2490572, 9495565772.

# വിശുദ്ധ പത്താം പീയൂസിൻെറ പൗരോഹിത്യ കൂട്ടായ്മയ്ക്കെതിരേ വത്തിക്കാൻ നടപടി

വത്തിക്കാൻ സിറ്റി: മാർപാപ്പയും വിശ്വാസകാര്യങ്ങളുമായി ബന്ധപ്പെട്ട വത്തിക്കാൻ കാര്യാലയവും നൽകിയ മുന്നറിയിപ്പ് അവഗണിച്ച് മെത്രാഭിഷേകം നടത്തിയ വിശുദ്ധ പത്താം പീയൂസിൻറെ നാമധേയത്തിലുള്ള പൗരോഹിത്യ കൂട്ടായ്മ സ്വമേധയാലുള്ള പുറത്താകലിനു വിധേയമായതായി വത്തിക്കാൻ പ്രഖ്യാപിച്ചു.

ഈ കൂട്ടായ്മയിലെ മെത്രാന്മാരായ അൽഫോൻസോ ദേ ഗലറേത്ത, ബെർണാഡ് ഫെല്ല, പുതുതായി വാഴിക്കപ്പെട്ട മെത്രാന്മാരായ പാസ്കൽ ഷ്റൈബെർ, മൈക്കിൾ ഗോൾഡേഡ്, മൈക്കിൾ പാൻസിനെ ദ് സിവ്രി, മാർക്ക് ഹാപ്പീർ എന്നിവരെ സഭയിൽനിന്ന് പുറത്താക്കുകയും ചെയ്തു. ഇതുസംബന്ധിച്ച ഡിക്രിയും വിശദീകരണക്കുറിപ്പും വിശ്വാസകാര്യങ്ങൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിൻറെ അധ്യക്ഷൻ കർദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസ് പുറത്തിറക്കി.

ഈ കൂട്ടായ്മ നടത്തുന്ന കൂദാശകൾ നിയമാനുസൃതമല്ലെന്നും അവർ നടത്തുന്ന കുമ്പസാരവും വിവാഹവും അസാധുവാണെന്നും പ്രഖ്യാപിച്ച വത്തിക്കാൻ അവരുടെ വിശുദ്ധകുർബാനയർപ്പണങ്ങളിലും അവർ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നതിൽനിന്ന് വിട്ടുനിൽക്കണമെന്നും വിശ്വാസികൾക്കു നിർദേശം നൽകി.

ജൂലൈ ഒന്നിന് സ്വിറ്റ്സർലൻഡിലെ എകോണിൽ നടത്തിയ മെത്രാഭിഷേകങ്ങളെ 'ശീശ്മയുടെ സ്വഭാവമുള്ള ഒരു പ്രവൃത്തി' എന്നാണു വത്തിക്കാൻ കാര്യാലയം വിശേഷിപ്പിച്ചത്.

വിശുദ്ധ പത്താം പീയൂസിൻറെ നാമധേയത്തിലുള്ള പൗരോഹിത്യ കൂട്ടായ്മയിലെ മെത്രാന്മാർ സഭയിൽ പിളർപ്പുണ്ടാക്കുന്ന വിധത്തിലുള്ള പ്രവൃത്തിയാണു നടത്തിയിരിക്കുന്നതെന്നും മാർപാപ്പയുടെ അനുമതികൂടാതെയുള്ള മെത്രാഭിഷേക ചടങ്ങ് നടത്തിയതിനാൽ സഭയിൽനിന്നുള്ള സ്വയം പുറത്താകലിൽ എത്തിച്ചേർന്നിരിക്കുന്നുവെന്നും കർദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസ് ഒപ്പിട്ട രേഖയിൽ പറയുന്നു.

വിശുദ്ധ പോൾ ആറാമൻ മാർപാപ്പയുടെ കാലം മുതൽ അടുത്തിടെവരെ കാര്യാലയത്തിൽ നടന്ന സംവാദങ്ങളിലൂടെ ആർച്ച്ബിഷപ് മാർസെൽ ലെഫേബ്ര് ആരംഭിച്ച ഈ സമൂഹത്തോട് ചേർന്നുനിൽക്കുന്നവരെ കത്തോലിക്കാസഭയുമായുള്ള ഐക്യത്തിലേക്ക് തിരികെ കൊണ്ടുവരാനുള്ള നിരവധിയായ ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും അവ ഫലം കണ്ടില്ലെന്നും ഡിക്രിയിൽ പറയുന്നു.

# ബോട്ട്മുങ്ങി ആറ് വിനോദസഞ്ചാരികൾ മരിച്ചു, മൂന്നുപേരെ കാണാതായി

പെഷാവർ: പാക്കിസ്ഥാനിലെ പെഷാവറിൽ ഖൈബർ പഖ്തൂൺഖ്വ പ്രവിശ്യയിലുണ്ടായ ബോട്ട് അപകടത്തിൽ ഒരു കുടുംബത്തിലെ ആറ് വിനോദസഞ്ചാരികൾ മരിച്ചു. മൂന്നു പേരെ കാണാതായി. ഇവർക്കായി തെരച്ചിൽ തുടരുകയാണ്.

സ്വാത് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രമായ കലാം താഴ്‌വാരത്തെ സൈഫുള്ള തടാകത്തിൽ ബുധനാഴ്ചയായിരുന്നു അപകടം.ഒൻപത് പേരടങ്ങുന്ന വിനോദസഞ്ചാര സംഘം സഞ്ചരിച്ച ബോട്ടാണ് തടാകത്തിൽ മറിഞ്ഞത്.

ഉടൻതന്നെ രക്ഷാപ്രവർത്തകരെത്തി തെരച്ചിൽ നടത്തിയെങ്കിലും ആരുടെയും ജീവൻ രക്ഷിക്കാനായില്ല. പിന്നീട് മഹോദന്ദ് മേഖലയ്ക്കു സമീപത്തുനിന്നു ആറ് പേരുടെ മൃതദേഹങ്ങൾ കണ്ടെടുക്കുകയായിരുന്നു. മരിച്ചവരെല്ലാം പാക് പഞ്ചാബിൽനിന്നുള്ളവരാണ്.

# ഡിഎംകെ അണ്ണാ ഡിഎംകെ ധാരണയായെന്ന് ടിവികെ മന്ത്രി

ചെന്നൈ: തമിഴ്നാട്ടിൽ ഡിഎംകെയും അണ്ണാ ഡിഎംകെയും സഖ്യത്തിനു ധാരണയായെന്ന് ടിവികെ ജനറൽ സെക്രട്ടറിയും മന്ത്രിയുമായ ആധവ് അർജുന. ഔദ്യോഗിക പ്രഖ്യാപനം ഉടനുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

തദ്ദേശ തെരഞ്ഞെടുപ്പിനോ ലോക്സഭാ തെരഞ്ഞെടുപ്പിനോ മുന്പ് ഡിഎംകെഅണ്ണാ ഡിഎംകെ സഖ്യമുണ്ടാകുമെന്നാണ് ആധവ് അർജുന പറഞ്ഞത്. എന്നാൽ, അണ്ണാ ഡിഎംകെയുമായി സഖ്യമുണ്ടാക്കാൻ തൻറെ പാർട്ടി ആഗ്രഹിക്കുന്നില്ലെന്ന് ഡിഎംകെ നേതാവ് എസ്. രഘുപതി പറഞ്ഞു.

# വിജയ്‌യുടെ 'ജനനായകൻ' സിനിമയ്ക്ക് സെൻസർ ബോർഡിൻെറ പച്ചക്കൊടി

ചെന്നൈ: 'ജനനായകൻ' സിനിമയ്ക്ക് ഒടുവിൽ സെൻസർ ബോർഡിൻറെ പച്ചക്കൊടി. സെൻസർ തടസം നീങ്ങിയതോടെ ജൂലൈ അവസാനത്തോടെയോ ഓഗസ്റ്റ് ആദ്യവാരമോ ചിത്രം പ്രദർശനത്തിനെത്തിക്കാനുള്ള നീക്കത്തിലാണ് നിർമാതാക്കൾ. തമിഴ്നാട് മുഖ്യമന്ത്രിയും നടനുമായ സി. ജോസഫ് വിജയ് നായകനായ ചിത്രം സെൻസർ ബോർഡ് തടഞ്ഞുവച്ചിരിക്കുകയായിരുന്നു.

തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ജനുവരിയിലാണ് ചിത്രം റിലീസ് ചെയ്യാൻ നിശ്ചയിച്ചിരുന്നത്. വിജയ് മുഴുവൻ സമയ രാഷ്ട്രീയത്തിലിറങ്ങുന്നതിനു മുൻപ് അഭിനയിച്ച അവസാന ചിത്രമാണിത്.

പൊളിറ്റിക്കൽ ആക്ഷൻ ത്രില്ലറായ ചിത്രത്തിൽ തൻറെ രാഷ്ട്രീയ പാർട്ടിയുടെ പേരായ 'ടിവികെ' എന്നാണ് വിജയ് കഥാപാത്രത്തിൻറെയും പേര്. റിലീസ് വൈകിയ സിനിമയുടെ വ്യാജ പതിപ്പ് ഇതുവരെ കണ്ടത് 1.2 കോടി ആളുകളാണ്. എഡിറ്റിംഗ് പുരോഗമിക്കുന്നതിനിടെ ചിത്രം പകർത്തി അപ്‌ലോഡ് ചെയ്ത കേസിൽ ഫ്രീലാൻസ് എഡിറ്റർ ഉൾപ്പെടെ 21 പേരാണു പ്രതികൾ.

# ലോകകപ്പിന് ശേഷം ക്രിസ്റ്റ്യാനോ വിരമിക്കും; വെളിപ്പെടുത്തലുമായി സഹോദരി

ലിസ്ബൺ: പോർച്ചുഗൽ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കുന്നത് സംബന്ധിച്ച് വെളിപ്പെടുത്തലുമായി താരത്തിൻറെ സഹോദരി. 2026 ലോകകപ്പിന് ശേഷം ക്രിസ്റ്റ്യാനോ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കുമെന്നാണ് സഹോദരി കാറ്റിയ അവെയ്റോ സ്പോർട്ട് ടിവിക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞത്. ലോകകപ്പിൽ ക്രൊയേഷ്യക്കെതിരേ റൗണ്ട് ഓഫ് 32 മത്സരത്തിന് ഇറങ്ങും മുൻപാണ് കാറ്റിയയുടെ പ്രതികരണം. അന്താരാഷ്ട്ര ഫുട്ബോളിൽ ക്രിസ്റ്റ്യാനോയുടെ കരിയർ അവസാനഘട്ടത്തിലാണെന്ന് സഹോദരി വ്യക്തമാക്കി. 'ഇത് വിടപറയലാണ്, പക്ഷേ ഇന്നല്ല, ഞാൻ ദേശീയ ടീമിനെ കുറിച്ചാണ് പറയുന്നത്. എനിക്ക് കിട്ടിയ വിവരമനുസരിച്ച് ഈ ലോകകപ്പ് അദ്ദേഹത്തിൻറെ 'ലാസ്റ്റ് ഡാൻസാണ്'. റൊണാൾഡോയുടെ സഹോദരി പറഞ്ഞു. 20 വർഷമായി ലോകഫുട്ബോളിൽ ക്രിസ്റ്റ്യാനോ ആധിപത്യം പുലർത്തിയിട്ടുണ്ടെന്നും അവർ കൂട്ടിച്ചേർത്തു. ഞങ്ങളുടെ കുടുംബത്തെ നോക്കൂ, എവിടെ നിന്നാണ് വരുന്നതെന്ന്. ഞങ്ങളുടെ അമ്മ അനുഭവിച്ച കഷ്ടപ്പാടുകൾ. വിമർശനങ്ങൾ ഞങ്ങളുടെ സന്തോഷത്തെ ഇല്ലാതാക്കുമെന്ന് കരുതുന്നുണ്ടോ ഒരിക്കലുമില്ല. അവർ പറഞ്ഞു. പോർച്ചുഗലിനായി മൂന്ന് കിരീടങ്ങളാണ് ക്രിസ്റ്റ്യാനോ സ്വന്തമാക്കിയത്. 2016ൽ യൂറോ കപ്പ് നേടിയ താരം രണ്ട് യുവേഫ നാഷൻസ് ലീഗ് കിരീടങ്ങളും നേടി. ലോകകപ്പ് മാത്രമാണ് ദേശീയ കുപ്പായത്തിൽ ക്രിസ്റ്റ്യാനോയ്ക്ക് നേടാനുള്ളത്.

# അതിശക്തമായ മഴയ്ക്ക് സാധ്യത; ഓറഞ്ച്, യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്കു സാധ്യതയെന്ന് കാലാവസ്ഥാ പ്രവചനം. ഇന്നും ശനിയാഴ്ചയും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 4050 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച്, യെല്ലോ അലർട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് അലർട്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

അതേസമയം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ടാണ്. കൂടാതെ, ശനിയാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഞായറാഴ്ച കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും തിങ്കളാഴ്ച എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

വരുംമണിക്കൂറിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും; മറ്റു ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

തെക്കൻ ഗുജറാത്ത് തീരം മുതൽ കർണാടക തീരം വരെ സമുദ്രനിരപ്പിൽ തീരദേശ ന്യൂനമർദ പാത്തി സ്ഥിതിചെയ്യുന്നു. വടക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും അതിനോട് ചേർന്നുള്ള വടക്കൻ ഒഡീഷ തീരത്തിനും മുകളിലുള്ള ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ, വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും അതിനോട് ചേർന്നുള്ള വടക്കൻ ഒഡീഷ പശ്ചിമ ബംഗാൾ തീരങ്ങൾക്കു മുകളിലായി ന്യൂനമർദം രൂപപ്പെട്ടു. അടുത്ത 23 ദിവസങ്ങൾക്കുള്ളിൽ ഇത് കൂടുതൽ ശക്തി പ്രാപിക്കാൻ സാധ്യതയുണ്ട്.

# 11കാരൻ ഓടിച്ച ട്രക്ക് ഇടിച്ചുകയറി; എട്ട് ബുദ്ധ സന്യാസിമാർക്ക് ദാരുണാന്ത്യം

ബാങ്കോക്ക്: വടക്കുകിഴക്കൻ തായ്‌ലൻഡിൽ 11കാരൻ ട്രക്ക് ഇടിച്ചുകയറി എട്ട് ബുദ്ധ സന്യാസിമാർക്ക് ദാരുണാന്ത്യം. തീർഥാടനത്തിനായി നടന്നുപോവുകയായിരുന്ന ബുദ്ധ സന്യാസിമാർക്കിടയിലേക്കാണ് ട്രക്ക് പാഞ്ഞുകയറിയത്.

വടക്കുകിഴക്കൻ തായ്‌ലൻഡിലെ മുക്ദാഹാൻ പ്രവിശ്യയിലാണ് സംഭവം. നിയന്ത്രണംവിട്ട ട്രക്ക് പാഞ്ഞുവരുന്നത് കണ്ട് സന്യാസിമാർ റോഡിൽ നിന്ന് ഇറങ്ങിനിന്നെങ്കിലും ട്രക്ക് ഇവർക്കുമേൽ പാഞ്ഞുകയറുകയായിരുന്നു.

ആകെ 35 പേരാണ് തീർഥാടക സംഘത്തിലുണ്ടായിരുന്നത്. ഇതിൽ അഞ്ചുപേർ അപകടസ്ഥലത്ത് തന്നെ മരിച്ചു. മൂന്നുപേർ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്. പരിക്കേറ്റ 14 പേർ ചികിത്സയിലാണ്. സംഭവത്തിൽ വിശദമായ അന്വേഷണം ആരംഭിച്ചതായി പോലീസ് അറിയിച്ചു.

# ഗുണ്ടാ യോഗം; കെ.സുധാകരനെ ആരോ തെറ്റിദ്ധരിപ്പിച്ച് കൊണ്ടുപോയതാകാമെന്ന് ചെന്നിത്തല

ആലപ്പുഴ: ഓപ്പറേഷൻ തൂഫാൻറെ പേരിൽ കൊച്ചിയിൽ ഗുണ്ടകളുടെ യോഗം വിളിച്ചതിനെതിരേ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഗുണ്ടകൾ ചേർന്നാണോ തൂഫാൻ യോഗം കൂടുന്നതെന്ന് മന്ത്രി ചോദിച്ചു.

കൊച്ചിയിൽ നടന്ന യോഗത്തിലേക്ക് കെ.സുധാകരനെ ആരോ തെറ്റിദ്ധരിപ്പിച്ച് കൊണ്ടുപോയതാകാമെന്നും അദ്ദേഹത്തെ പോലൊരാൾ അറിഞ്ഞുകൊണ്ട് ഇങ്ങനെ ഒരു യോഗത്തിന് പോകുമെന്ന് കരുതുന്നില്ലെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു. പോലീസ് അറിയാതെ ഒരു യോഗവും ആരും ചേരേണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഓപ്പറേഷൻ തൂഫാന് പിന്നാലെ അന്താരാഷ്ട്ര ലഹരി ലോബി കേരളത്തിൽ പത്തി താഴ്ത്തി. ലഹരി മാഫിയയ്ക്കെതിരെ പോരാടാൻ ജനങ്ങൾക്ക് ധൈര്യം കിട്ടിയെന്നും മന്ത്രി പറഞ്ഞു.